# PRAVACHANA PRADEEPIKA
# പ്രവചന പ്രദീപിക
## PROPHETICAL ILLUMINATOR

| Vol. 58 | March - May 2021 | No. 2 |
|---|---|---|


***"ഇങ്ങനെ ഇവ ഒക്കെയും അഴിവാനുള്ളതായിരിക്കുകയാൽ ആകാശം ചുട്ടഴിയുവാനും മൂല പദാർത്ഥങ്ങൾ വെന്തുരുകുവാനും ഉള്ള ദൈവദിവസത്തിന്റെ വരവു കാത്തിരുന്നും ബദ്ധപ്പെടുത്തിയുംകൊണ്ട് നിങ്ങൾ എത്ര വിശുദ്ധ ജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കേണം?"***

***(2 പത്രോ. 3:11-12)***

**വിഷയാനുക്രമണിക**


| | **ലേഖകർ** | **പുറം** |
|---|---|---|
| ❖ പത്രാധിപലേഖനം | Y.S.R | 3 |
| ❖ യേശുക്രിസ്തുവിന്റെ പുനരാഗമനം | Dr.Adv.M.V. | 5 |
| ❖ ദുർഘട സമയങ്ങളിലെ ആരാധന | D.E. | 8 |
| ❖ യിസ്റാഏൽ വാർത്തകൾ | P.S.Y. | 17 |
| ❖ മഹത് വചനങ്ങൾ, ഫലിതം, ആഴകെഴും മൊഴികൾ | | കവർ 2 |



**ഈ മാസികാ സംബന്ധമായ മണിയോർഡറുകൾ, ചെക്കുകൾ, ഡ്രാഫ്റ്റുകൾ എന്നിവ *J. Esther Bethel, Pravachana Pradeepika, Aramada P.O., Trivandrum - 695032, Kerala* എന്ന വിലാസത്തിലും മറ്റ് എല്ലാ എഴുത്തുകുത്തുകളും *പബ്ലിഷർ, പ്രവചന പ്രദീപിക, ആറാമട പി.ഒ., തിരുവനന്തപുരം – 32* എന്ന വിലാസത്തിലും അയയ്ക്കേണ്ടതാണ്. ഫോൺ : *0471-2357439***

**വരിസംഖ്യ (മുൻകൂർ) ഇന്ത്യയിൽ 100 രൂപ**
**ഇന്ത്യയ്ക്കു വെളിയിൽ അറേബ്യയും**
**തത്തുല്യരാജ്യങ്ങളും *(Air Mail)* 750 രൂപ.**
**അമേരിക്ക, കാനഡാ മുതലായവയ്ക്ക് *(Air Mail)* 750 രൂപ**

Chief Editor : **Dr. O.M. Samuel,** B.A., M.Div., ThD.
Publisher : **Y. Sam Raj,** B.A., B.Ed., M.Div.

**EDITORIAL BOARD**

1. K.A. Philip, B.A., B.Ed.
2. Dr. Adv. Mathew Vairamon, MS, LLM, M Div, ThD, PhD.
3. Evgst. Varghese Kurien
4. Dani Ezekiel, M.A. (Eng), M.th.

## മഹത് വചനങ്ങൾ

1. ക്രിസ്തുവിനെ സ്നേഹിക്കുന്നവൻ ശത്രുവിനെയും സ്നേഹിക്കുന്നു.
2. വഴിത്തിരിവു ലക്ഷ്യത്തിലെത്തിക്കുന്നതായിത്തീരാം.
3. അനുഗ്രഹമുള്ളിടത്ത് ശാപത്തിന് പ്രവേശനമില്ല.
4. ഉള്ളിലെ വെളിച്ചം ഉള്ളിലെ ഇരുട്ടിനെയകറ്റുന്നു.
5. മനുഷ്യർ അനുമാനിക്കുന്നു. ദൈവം തീരുമാനിക്കുന്നു.
6. സംഭവിച്ചതിനെ ഓർത്ത് ദുഃഖിക്കാതെ ഭാവിയെ ശുഭാപ്തിവിശ്വാസത്തോടെ നോക്കുക.
7. ശരീരത്തെക്കാൾ ആത്മാവ് വിലയുള്ളതെന്ന് കരുതുന്നവൻ വിജയിക്കുന്നു.

## ഫലിതം

മുടിയൻ പുത്രന്റെ ഉപമയെക്കുറിച്ച് ക്ലാസ് എടുത്തു കൊണ്ടിരിക്കവെ ഉപദേശി ഇപ്രകാരം ചോദിച്ചു മുടിയൻ പുത്രന്റെ അപ്പന്റെ പേര് ആർക്കെങ്കിലും അറിയാമോ? വേദപുസ്തകത്തിൽ എവിടെ എങ്കിലും പറഞ്ഞിട്ടുണ്ടോ എന്ന്. എല്ലാവരും ഒരുപോലെ പേരു എങ്ങും പറഞ്ഞിട്ടില്ല എന്നു പറഞ്ഞു. അപ്പോൾ ഒരു പയ്യൻ ഉപദേശി പറഞ്ഞു മുടിയൻ പുത്രന്റെ അപ്പന്റെ പേരു പറഞ്ഞിട്ടുണ്ട്. ഞാൻ ഇന്നലെ ബൈബിൾ വായിച്ചപ്പോൾ കണ്ടുപിടിച്ചു. എന്നാൽ അത് പറയാൻ ക്ലാസെടുക്കുന്ന ഉപദേശി ആവശ്യപ്പെട്ടു. അപ്പോൾ പയ്യൻ ഉപദേശി പറഞ്ഞു. ഈഎന്റെ മോൻ എന്നു പറഞ്ഞിട്ടുണ്ട്. ഈഎന്റെ മോന്റെ അപ്പൻ ഈഎൻ.

ബൈബിൾ പ്രവചനങ്ങളെ വിശദീകരിക്കുന്ന പ്രതിമാസ പത്രികയാണ് പ്രവചന പ്രദീപിക.

**ഈ മാസികാ പ്രവർത്തനത്തിന്റെ ഉദ്ദേശ്യം**

- ദൈവവിശ്വാസം സ്ഥാപിക്കപ്പെടുക
- ബൈബിൾ ദൈവവചനമാണെന്ന് നിറവേറിയ പ്രവചനങ്ങളെക്കൊണ്ടു തെളിയിക്കുക.
- ഭാവി പ്രവചനങ്ങളുടെ വിശദീകരണത്താൽ പ്രത്യാശ ഉളവാക്കുക.

## അഴകെഴും മൊഴികൾ

1. നൻമ ചെയ്യുവാനറിഞ്ഞിട്ടും ചെയ്യാത്തവനു അത് പാപം തന്നെ.
2. കർത്താവിന്റെ വചനമോ എന്നേക്കും നിലനില്ക്കുന്നു.
3. ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ.
4. നീതിമാനെ പകയ്ക്കുന്നവർ ശിക്ഷ അനുഭവിക്കും.
5. ജയത്തിന് കുതിര വ്യർത്ഥമാകുന്നു.
6. നീതിമാൻ എന്നേക്കും ഓർമ്മയിൽ ഇരിക്കും.
7. കൂട്ടുകാരനെ നിന്ദിക്കുന്നവൻ പാപം ചെയ്യുന്നു.
8. സന്തുഷ്ട ഹൃദയനോ നിത്യം ഉത്സവം.

മാസികയുടെ കുടശ്ശികകൾ ഉടൻ അടച്ചു തീർക്കുക. വരിസംഖ്യ മുൻകൂർ ആയതിനാൽ 2021 ലെ വരിസംഖ്യയും കുടിശ്ശിക ആയി വരും. മാസികയുടെ സുഗമമായ പ്രവർത്തനങ്ങളിൽ സഹകരിക്കുക, പ്രാർത്ഥനയുടെ കൈത്താങ്ങൽ നൽകുക.

## വരിക്കാരുടെ ശ്രദ്ധയ്ക്ക്

നിങ്ങളുടെ വരിസംഖ്യ പുതുക്കുവാൻ താഴെ കാണുന്ന ബാങ്ക് അക്കൗണ്ട് നമ്പറിൽ തുക അയയ്ക്കുക.

**Bank A/c**

**ESTHER .J,**
**Central Bank of India**
**Kunnapuzha Branch, Trivandrum - 695032**
**A/c No. 1820364887, IFSC Code :CBIN 0283099**

# പ്രവചന പ്രദീപിക

Founder Editor : Late Sri. Y.Ezekiel, Aramada

വാല്യം 58 March - May 2021 No.2

## പത്രാധിപ ലേഖനം

## ആ ദിവസം

സാമാന്യാർത്ഥത്തിൽ 24 മണിക്കൂർ ദൈർഘ്യമുള്ള ഒരു സമയ പരിധിയാണല്ലോ ദിവസം. എന്നാൽ തിരുവെഴുത്തുകളിൽ ചെറുതും വലുതും ആയ ഒരു കാലയളവിനെ നിർദ്ദേശിക്കുവാൻ ദിവസം (day) എന്ന സംജ്ഞ ഉപയോഗിച്ചിട്ടുണ്ട്. വിവിധങ്ങളായ ദൈവീക കാര്യപരിപാടികളുടെ നിർവ്വഹണത്തിനായി ദൈവം തന്നെ സമയപരിധി കല്പിച്ച് വേർതിരിച്ചിരിക്കുന്ന പ്രത്യേക കാലയളവുകൾ ആണ് ആ 'ദിവസ'ങ്ങൾ. തിരുവെഴുത്തുകളിൽ ഈ നിലയിൽ വെളിപ്പെടുത്തിയിരിക്കുന്ന അഞ്ച് പ്രത്യേക ദിവസത്തിലേയ്ക്ക് നമ്മുടെ ശ്രദ്ധ തിരിക്കാം.

### 1. മനുഷ്യപുത്രന്റെ ദിവസം

"... പിന്നെ അവൻ തന്റെ ശിഷ്യന്മാരോടു പറഞ്ഞത്: നിങ്ങൾ മനുഷ്യപുത്രന്റെ ഒരു ദിവസം കാണ്മാൻ ആഗ്രഹിക്കുന്നകാലം വരും...." (ലൂക്കോ. 17:22). നിങ്ങളുടെ പിതാവായ അബ്രഹാം എന്റെ ദിവസം കാണും എന്നുള്ളതുകൊണ്ട് ഉല്ലസിച്ചു; അവൻ കണ്ടു സന്തോഷിച്ചുമിരിക്കുന്നു എന്നു ഉത്തരം പറഞ്ഞു (യോഹ. 8:56).

നമ്മുടെ കർത്താവിന്റെ ഭൂമിയിലെ ശുശ്രൂഷാകാലത്തെ സൂചിപ്പിക്കുന്നതാണ് ഈ ദിവസം. മുപ്പത്തിമൂന്നരവർഷങ്ങൾ കർത്താവ് ഈ ഭൂമിയിൽ ജീവിച്ചു. നാടെങ്ങും ചുറ്റി സഞ്ചരിച്ച് പ്രസംഗിക്കുകയും ഉപദേശിക്കുകയും ചെയ്തു; രോഗികളെ സൗഖ്യമാക്കി, ഭൂതങ്ങളെ പുറത്താക്കി, യഹൂദ ജാതിയോട് അവൻ അടുത്തു ചെന്നു. "അവൻ നഗരത്തിന്നു സമീപിച്ചപ്പോൾ അതിനെ കണ്ടു അതിനെകുറിച്ചു കരഞ്ഞു: ഈ നാളിൽ നിന്റെ സമാധാനത്തിന്നുള്ളത് നീയും അറിഞ്ഞു എങ്കിൽ കൊള്ളായിരുന്നു" (ലൂക്കോ. 19:41) മനുഷ്യപുത്രന്റെ നാൾ യഹൂദന്റെ ഭാഗ്യനാളായിരുന്നു! പക്ഷേ, അവൻ അതു നഷ്ടപ്പെടുത്തി. ഇവനെ വേണ്ടാ, ഇവന്റെ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെ സന്താനങ്ങളുടെമേലും വരട്ടെ എന്നു പറഞ്ഞ് ജീവനായകനെ തിരസ്ക്കരിക്കയും കൊന്നുകളകയും ചെയ്തു. എന്നാൽ ഈ ദിവസം - മനുഷ്യപുത്രന്റെ ദിവസം-ആഗോളാടിസ്ഥാനത്തിൽ ആയിരമാണ്ടു വാഴ്ചക്കാലത്ത് ആവർത്തിക്കപ്പെടും. അതുകൊണ്ടാണ് കർത്താവിന്റെ രണ്ടാംവരവിനെ കുറിച്ച് 'മനുഷ്യപുത്രൻ വരുമ്പോൾ' എന്നു പറഞ്ഞിരിക്കുന്നത്. അന്ന് യഹൂദൻ 'കുത്തീട്ടുള്ളവങ്കലേയ്ക്ക് നോക്കി' രക്ഷിക്കപ്പെടും.

### 2. മനുഷ്യന്റെ ദിവസം അഥവാ രക്ഷാദിവസം

"ഇപ്പോൾ ആകുന്നു സുപ്രസാദകാലം; ഇപ്പോൾ ആകുന്നു രക്ഷാദിവസം" (2 കൊരി. 6:2) 1 കൊരി 4:3-ലെ മനുഷ്യർ കഴിക്കുന്ന വല്ല വിസ്താരത്തിലോ (man's judgment) എന്നതിന്റെ അർത്ഥം മനുഷ്യന്റെ ദിവസം എന്നാണ്. ഭൂമിയിൽ ഇന്ന്

മനുഷ്യന്റെ ദിവസം എന്നാണ്. ഭൂമിയിൽ ഇന്ന് മനുഷ്യന്റെ ആധിപത്യത്തിന്റെ ദിവസമാണ്. മനുഷ്യന്റെ കണ്ടുപിടിത്തങ്ങളും, പരിഷ്ക്കാര രീതികളും, ഭരണക്രമങ്ങളും, വിജ്ഞാനവും, വിലയിരുത്തലും(Judgment) എത്ര വൈചിത്ര്യമാർന്നവയാണ്. ഈ അന്ത്യനാളുകളിൽ മനുഷ്യർ സത്യത്തിന്റെ പരിജ്ഞാനം വിട്ട് ജ്ഞാനം എന്ന് വ്യാജമായി പേർപറയുന്ന ഭക്തിവിരുദ്ധമായ കാര്യങ്ങളിലേയ്ക്കു തിരിയുന്നു. ദൈവത്തെ മാറ്റി നിറുത്തിക്കൊണ്ട് ലോകകാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ മനുഷ്യൻ ഭഗീരഥപ്രയത്നം നടത്തുന്നു. എന്നാൽ അതിന്റെ ഫലമോ ആശയക്കുഴപ്പങ്ങളും, പകയും പിണക്കവും ദുഷ്ടതയും! യുദ്ധങ്ങളും യുദ്ധശ്രുതികളും ഭയാനകമായ മാനങ്ങളിലേയ്ക്ക് വളരുന്നു. അണുവിനെ പിളർന്ന, ചന്ദ്രനെ പിടിച്ച, ശൂന്യാകാശത്തെ കീഴടക്കിയ മനുഷ്യന് അവന്റെ ഹൃദയത്തിൽ സമാധാനമില്ല, സന്തോഷമില്ല. എങ്ങും ഭീതിയും, സംശയവും!

എന്നാൽ ഇതിനൊരു മറുവശമുണ്ട്. ഇത് രക്ഷാദിവസം കൂടെയാണ്. മനുഷ്യന് പാപമോചനം പ്രാപിച്ച് അവന്റെ ഹൃദയത്തിലെ ദുഷ്ടത കഴുകിക്കളയുവാൻ, ദൈവത്തോട് അടുത്തുവന്ന് നിരപ്പു പ്രാപിക്കുവാൻ സമാധാനവും നീതീകരണവും അനുഭവിപ്പാൻ ദൈവം മനുഷ്യനുവേണ്ടി വേർതിരിച്ചിരിക്കുന്ന കാലയളവാണ് ഇത്. അതേ, രക്ഷാദിവസം. ഇത് നിങ്ങളുടെ ദിവസമാണ്. രക്ഷ പ്രാപിപ്പാൻ യേശുക്രിസ്തുവിന്റെ ക്രൂശിങ്കലേയ്ക്ക് കടന്നു വരൂ! നിങ്ങൾക്കുവേണ്ടി 'ദൈവം' അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു (റോമർ 3:23-26).

### 3. കർത്താവായ യേശുക്രിസ്തുവിന്റെ ദിവസം

പുതിയനിയമത്തിൽ ഈ ദിവസത്തെ കുറിക്കുന്ന ആറ് വ്യക്തമായ ഭാഗങ്ങൾ ഉണ്ട് (1 കൊരി. 1:8; 5:5; 2 കൊരി. 1:14; ഫിലി.1:4; 1:10; 2:16). കർത്താവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ദൈവജനത്തോടുള്ള ബന്ധത്തിൽ ആണ് ഈ ദിവസത്തിന്റെ പ്രസക്തി. കർത്താവിന്റെ മദ്ധ്യാകാശ വരവോടെ ഈ നാൾ ആരംഭിക്കും. സഭ മേഘങ്ങളിൽ കർത്താവിന്റെ അടുക്കലേയ്ക്ക് എടുക്കപ്പെടും. അവിടെ കർത്താവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വിശ്വാസികളുടെ സകല പ്രവൃത്തികളും ശോധന ചെയ്യപ്പെടും. എല്ലാ സത്പ്രവൃത്തികൾക്കും പ്രതിഫലം നൽകപ്പെടും. ഇന്ന് നാം ഓടിയതും അദ്ധ്വാനിച്ചതും വെറുതെ ആയില്ല എന്ന് അന്ന് നാം അറിയും. ഇന്ന് മനുഷ്യന്റെ ഈ ദിവസത്തിൽ ഒരു ദൈവപൈതൽ അവഗണിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തേക്കാം. പ്രശംസയും പ്രതിഫലവും ലഭിക്കാതെ വന്നേയ്ക്കാം. 'പച്ച മരമായ' ക്രിസ്തുവിനോടു ക്രൂരത കാട്ടിയ ക്രൂശിച്ചലോകം 'ഉണക്കമരമായ' വിശ്വാസികളോട് മറ്റൊരു നയം സ്വീകരിക്കയില്ല. ഈ ലോകം നമുക്ക് യോഗ്യമല്ല. നാം ഈ ലോകക്കാരല്ല. നാം കർത്താവായ യേശുക്രിസ്തുവിന്റെ ദിവസത്തിനായി ആവലോടെ കാത്തിരിക്കുന്നു. ആ ദിവസത്തിൽ നാം യേശുക്രിസ്തുവിന്റെ മഹത്വമുള്ള ശരീരത്തോടു അനുരൂപരായി രൂപാന്തരപ്പെടും. നാം തേജസ്സും പ്രതിഫലങ്ങളും പ്രാപിച്ച് അവന്റെ മണവാട്ടിയായി അനിന്ദ്യരായി വെളിപ്പെടുന്ന നാളാണ് കർത്താവായ യേശുക്രിസ്തുവിന്റെ ദിവസം.

### 4. കർത്താവിന്റെ ദിവസം

"കർത്താവിന്റെ നാൾ അടുത്തിരിക്കുന്നു എന്നുവെച്ചു..." (2 തെസ്സ.2:2). "സൈന്യങ്ങളുടെ യഹോവയുടെ നാൾ ഗർവ്വവും ഉന്നതഭാവവുമുള്ള എല്ലാറ്റിന്മേലും വരും...." (യെശ. 2:12). സഭ കർത്തൃസന്നിധിയിലേയ്ക്കു എടുത്തുകൊള്ളപ്പെടുമ്പോൾ (സഭ കർത്താവായ യേശുക്രിസ്തുവിന്റെ ദിവസത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ) ലോകത്തിൽ കർത്താവിന്റെ ദിവസം ആരംഭിക്കും. ദൈവനിഷേധികളായ മനുഷ്യന്റെ കാര്യങ്ങളിൽ ദൈവം പ്രത്യക്ഷത്തിൽ ഇടപെടുന്ന കാലയളവാണിത്. ഈ ദിവസത്തിൽ അരങ്ങേറപ്പെടുന്ന കാര്യപരിപാടികൾ: 1. ദാനി.9:27-ലെ 70-ാം ആഴ്ചവട്ടം ആരംഭിക്കും അതിന്റെ രണ്ടാം പകുതി മഹോപദ്രവം (മത്താ. 24:21, വെളി. 7:14). 2. 70-ാം ആഴ്ചവട്ടത്തിന്റെ അന്ത്യത്തിൽ കർത്താവ് തന്റെ സഭയുമായി ഒലിവുമല

# യേശുക്രിസ്തുവിന്റെ പുനരാഗമനം

ഡോ. അഡ്വ. മാത്യു വൈരമൺ MS, LLM,MDIV, ThD, PhD

പഴയനിയമത്തിലും പുതിയനിയമത്തിലും യേശുക്രിസ്തുവിനെക്കുറിച്ചു വിവരിച്ചിരിക്കുന്നു. പഴയനിയമത്തിലെ പ്രവാചകന്മാരും വിശുദ്ധന്മാരും യേശുക്രിസ്തുവിന്റെ ജനനം കാണുവാൻ ആഗ്രഹിച്ചു വളരെ പ്രതീക്ഷയോടെ കാത്തിരുന്നു. എന്നാൽ അവരിൽ ഭൂരിപക്ഷം പേർക്കും ക്രിസ്തുവിന്റെ ജനനം കാണുവാൻ സാധിച്ചില്ല. പക്ഷെ ചില പ്രവാചകന്മാർക്കും വിശുദ്ധന്മാർക്കും ക്രിസ്തുവിന്റെ ജനനം കാണുവാനും അവൻ കേവലം മനുഷ്യപുത്രനല്ല ദൈവപുത്രനാണെന്നും വിശ്വസിക്കുവാനും ഭാഗ്യം സിദ്ധിച്ചു. പുതിയ നിയമത്തിൽ ഇതിനു തെളിവായി ചില വേദഭാഗങ്ങൾ കാണുവാൻ സാധിക്കും. "ആ നാളുകളിൽ മറിയ എഴുന്നേറ്റു മലനാട്ടിൽ ഒരു യെഹൂദ്യ പട്ടണത്തിൽ ബദ്ധപ്പെട്ടുചെന്നു, സെഖര്യാവിന്റെ വീട്ടിൽ എത്തി എലിശബെത്തിനെ വന്ദിച്ചു. മറിയയുടെ വന്ദനം എലിശബെത്ത് കേട്ടപ്പോൾ പിള്ള അവളുടെ ഗർഭത്തിൽ തുള്ളി. എലിശബെത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി, ഉച്ചത്തിൽ വിളിച്ചു പറഞ്ഞത്: സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ, നിന്റെ ഗർഭഫലവും അനുഗ്രഹിക്കപ്പെട്ടത്. എന്റെ കർത്താവിന്റെ മാതാവ് എന്റെ അടുക്കൽ വരുന്ന മാനം എനിക്ക് എവിടെ നിന്ന് ഉണ്ടായി. നിന്റെ വന്ദനസ്വരം എന്റെ ചെവിയിൽ വീണപ്പോൾ പിള്ള എന്റെ ഗർഭത്തിൽ ആനന്ദംകൊണ്ടു തുള്ളി. കർത്താവു തന്നോടു അരുളി ചെയ്തതിനു നിവൃത്തിയുണ്ടാകും എന്നു വിശ്വസിച്ചവൾ ഭാഗ്യവതി". ലൂക്കൊസ് 1:39-45. കർത്താവായ യേശുക്രിസ്തുവിന് വഴി ഒരുക്കുവാൻ എലിശബത്തിൽക്കൂടെ ദൈവത്തിന്റെ പദ്ധതി പ്രകാരം യോഹന്നാൻ

---

യിൽ ഇറങ്ങി വരും (മത്താ. 24:29-30). 3. മൃഗത്തെയും കള്ളപ്രവാചകനെയും അവന്റെ മഹാസൈന്യത്തെയും നശിപ്പിക്കും (വെളി. 19:11-21). 4. യഹൂദജാതിയോടുള്ള പെരുമാറ്റത്തിന്റെ അടിസ്ഥാനത്തിൽ പുറജാതികളെ ന്യായം വിധിക്കും (സെഖ. 14:1-9, മത്താ. 25:31-46). 5. ഇസ്രായേലിനെ ന്യായം വിധിക്കും (യെഹെ. 20:34-38). 6. യേശുക്രിസ്തുവിന്റെ മശിഹാസാമ്രാജ്യം (സഹസ്രാബ്ദവാഴ്ച) സ്ഥാപിക്കും. (വെളി. 20:4-6). 7. സാത്താന്റെ അന്തിമ എതിർപ്പും ന്യായവിധിയും (വെളി. 20:7-10). 8. ഉയിർപ്പും ദുഷ്ടന്മാരുടെ അന്ത്യന്യായവിധിയും (വെളി. 20:11-15). 9. ഇപ്പോഴത്തെ ആകാശവും ഭൂമിയും തീക്കിരയാകും (2 പത്രോ. 3:7, 10-12).

ഈ വലുതും ഭയങ്കരവുമായ നാളിൽ ലോകത്തെ നമ്മുടെ കർത്താവ് നേരോടെ ന്യായം വിധിച്ച് സമത്വസുന്ദരമായ ഒരു ഭരണം ആയിരം ആണ്ടേയ്ക്ക് നൽകും.

### 5. ദൈവ ദിവസം

"... ഇങ്ങനെ ഇവ ഒക്കെയും അഴിവാനുള്ളതായിരിക്കയാൽ ആകാശം ചുട്ടഴിവാനും മൂലപദാർത്ഥങ്ങൾ വെന്തുരുകുവാനും ഉള്ള ദൈവദിവസത്തിന്റെ വരവു കാത്തിരുന്നും ബദ്ധപ്പെടുത്തിയുംകൊണ്ട് നിങ്ങൾ എത്ര വിശുദ്ധ ജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കണം" (2 പത്രൊ. 3:10 -12). പഴയ ആകാശവും ഭൂമിയും വെന്തഴിഞ്ഞ് പുതുവാന ഭൂമികൾ പ്രത്യക്ഷപ്പെടുന്നതോടെ കർത്താവിന്റെ ദിവസം അവസാനിക്കുകയും ദൈവദിവസം ആരംഭിക്കുകയുമായി. ദൈവ ദിവസത്തിലെ കാര്യപരിപാടികൾ വളരെയൊന്നും തിരുവെഴുത്തുകളിൽ വ്യക്തമാക്കപ്പെട്ടിട്ടില്ല. മുമ്പിലെത്തവ ഒന്നും ആരും ഓർക്കാതെ വണ്ണം അത്ര പൂർണ്ണതയും പുതുമയും ഉള്ളതായിരിക്കും. ദൈവദിവസം (യെശ. 65:17). ദൈവം സകലത്തിനും സകലവുമായി ഭവിക്കുന്ന അവർണ്ണനീയമായ ഒരു കാലയളവാണ് അത്.

ആ ദൈവദിവസത്തിന്റെ വരവിനായി നമുക്കും കാത്തിരിക്കാം. ബദ്ധപ്പെടുത്താം. ഭക്തിയോടും വിശുദ്ധിയോടും ജീവിക്കാം. ആ 'ദിവസം' പെട്ടെന്ന് കണിപോലെ വരാതിരിപ്പാൻ സൂക്ഷിക്കാം. ❖

Y.S.R.

സ്നാപകൻ ജനിച്ചു. മറിയയെ കണ്ടപ്പോൾ എലിശ ബെത്ത് മാത്രമല്ല ആനന്ദിച്ചത്. പിന്നയോ ഗർഭത്തിൽ ഉണ്ടായിരുന്ന പിള്ളയും ആനന്ദിച്ചു. യോഹന്നാൻ സ്നാപകന്റെ ജനനശേഷം അദ്ദേഹത്തിന്റെ പിതാവ് സെഖര്യാവ് ഇങ്ങനെ പ്രവചിച്ചു. "യിസ്രായേലിന്റെ ദൈവമായ കർത്താവ് അനുഗ്രഹിക്കപ്പെട്ടവൻ. അവൻ തന്റെ ജനത്തെ സന്ദർശിച്ച് ഉദ്ധാരണം ചെയ്യുകയും ആദി മുതൽ തന്റെ വിശുദ്ധ പ്രവാച കന്മാർ മുഖാന്തരം അരുളിച്ചെയ്തതുപോലെ നമ്മുടെ ശത്രുക്കളുടെ വശത്തു നിന്നും നമ്മെ പക യ്ക്കുന്ന ഏവരുടെയും കൈയിൽ നിന്നും നമ്മെ രക്ഷിക്കുവാൻ തന്റെ ദാസനായ ദാവീദിന്റെ ഗൃഹ ത്തിൽ നമുക്കു രക്ഷയുടെ കൊമ്പ് ഉയർത്തുകയും ചെയ്തിരിക്കുന്നു". ലൂക്കൊസ്. 1:68–71. സെഖര്യാവ് പരിശുദ്ധാത്മാവിനാൽ യേശുക്രിസ്തുവിന്റെ ജന നത്തെക്കുറിച്ച് പറയുന്ന കാര്യമാണ് മേല്പറഞ്ഞ വേദഭാഗത്തുള്ളത്.

പഴയനിമയ പ്രവാചകന്മാരും വിശുദ്ധന്മാരും ക്രിസ്തുവിന്റെ ജനനം കാണുവാൻ വളരെ പ്രതീ ക്ഷയോടെ കാത്തിരുന്നു. അതുപോലെ പുതിയ നിയമ വിശ്വാസികൾ യേശുക്രിസ്തുവിന്റെ രണ്ടാം വരവിനുവേണ്ടി കാത്തിരിക്കുന്നു. യേശുക്രിസ്തു കാഹളനാദത്തോടും പ്രധാന ദൂതന്റെ ശബ്ദ ത്തോടും സഭയെ ചേർത്തുകൊള്ളുവാൻ മദ്ധ്യാ കാശത്തിൽ വരും. ദൈവവചനത്തിന് മാറ്റമില്ല. അതു നിറവേറുക തന്നെ ചെയ്യും. പഴയനിയമകാ ലത്ത് കാത്തിരുന്നവരെല്ലാം ക്രിസ്തുവിന്റെ ജനനം കണ്ടില്ലെങ്കിലും ദൈവനിശ്ചയപ്രകാരമുള്ള ചിലർ യേശുക്രിസ്തുവിന്റെ ജനനം കാണുവാനും വിശ്വ സിക്കുവാനുമുള്ള ഭാഗ്യം ലഭിച്ചു. അതുപോലെ ദൈവനിശ്ചയപ്രകാരം അനേകം വിശ്വാസികൾക്ക് കർത്താവിന്റെ രണ്ടാംവരവ് കാണുവാനുള്ള ഭാഗ്യം ലഭിക്കും. അത് ആർക്കൊക്കെയാണെന്നു മാനുഷികമായി പറയുവാൻ സാധിക്കുകയില്ല. എപ്പോഴാണ് കർത്താവ് വരുന്നതെന്നു ഒരു മനു ഷ്യനും കൃത്യമായി പറയുവാൻ കഴിയുകയില്ല. എന്നാൽ വാക്യങ്ങളുടെ അടിസ്ഥാനത്തിൽ കർത്താവിന്റെ വരവ് അടുത്തിരിക്കുന്നോ ഇല്ലയോ എന്ന് അറിയാം.

കർത്താവിന്റെ ക്രിസ്തുവിനെ കാണുംമുമ്പെ ശിമ്യോൻ മരണം കാണുകയില്ലായെന്നു പരിശു ദ്ധാത്മാവ് അവനോടു അരുളിചെയ്തു. "യെരുശ ലേമിൽ ശിമ്യോൻ എന്നു പേരുള്ളോരു മനുഷ്യൻ ഉണ്ടായിരുന്നു; ഈ മനുഷ്യൻ നീതിമാനും യിസ്രാ യേലിന്റെ ആശ്വാസത്തിനായി കാത്തിരുന്നവനും ആയിരുന്നു; പരിശുദ്ധാത്മാവും അവന്റെ മേൽ ഉണ്ടായിരുന്നു. കർത്താവിന്റെ ക്രിസ്തുവിനെ കാണും മുമ്പെ മരണം കാണുകയില്ല എന്നു പരി ശുദ്ധാത്മാവിനാൽ അവന് അരുളപ്പാട് ഉണ്ടായി രുന്നു. അവൻ ആത്മ നിയോഗത്താൽ ദൈവാല യത്തിൽ ചെന്നു. യേശു എന്ന പൈതലിനുവേണ്ടി ന്യായപ്രമാണത്തിന്റെ ചട്ടപ്രകാരം ചെയ്യുവാൻ അമ്മയപ്പന്മാർ അവനെ അകത്തു കൊണ്ടു ചെന്ന പ്പോൾ അവൻ അവനെ കൈയിൽ ഏന്തി ദൈവത്തെ പുകഴ്ത്തി: "ഇപ്പോൾ നാഥാ തിരുവ ചനം പോലെ നീ അടിയനെ സമാധാനത്തോടെ വിട്ടയയ്ക്കുന്നു. ജാതികൾക്ക് വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജനമായ യിസ്രായേലിന്റെ മഹ ത്വവുമായി നീ സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷയെ എന്റെ കണ്ണു കണ്ടുവല്ലോ" എന്നു പറഞ്ഞു (ലൂക്കൊ.2:25–32). പരിശുദ്ധാത്മാവ് പറഞ്ഞതുപോലെ കർത്താവിന്റെ ക്രിസ്തുവിനെ കാണുവാനുള്ള ഭാഗ്യം ശിമ്യോനു ലഭിച്ചു. ദൈവം അരുളിചെയ്തതുപോലെ എല്ലാം സംഭവിക്കുന്നു. എന്നാൽ മാനുഷികമായ പ്രവച നങ്ങൾ പലപ്പോഴും തെറ്റിപ്പോകും. കാരണം പലരും പരിശുദ്ധാത്മാവിന്റെ പ്രേരണ ഇല്ലാതെ യാണ് സംസാരിക്കുന്നത്. രക്ഷിക്കപ്പെട്ടവരുടെ ഉള്ളിൽ പരിശുദ്ധാത്മാവ് ഉണ്ട്. യഥാർത്ഥമായി രക്ഷിക്കപ്പെട്ടവർ എപ്പോഴും പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലോ പ്രേരണയിലോ അല്ല സംസാ രിക്കുന്നത്. ചിലപ്പോൾ അവരുടെ വാക്കുകളായി രിക്കും നാം വായിക്കുകയോ കേൾക്കുകയോ ചെയ്യുന്നത്. അപ്പോസ്തലനായ പൗലൊസ് പോലും സ്വന്തം അഭിപ്രായങ്ങൾ വേദപുസ്തക ത്തിൽ ചേർത്തിട്ടുണ്ട്. വേദപുസ്തകത്തിൽ പൗലൊസ്, ദൈവമല്ല താനാണ് പറയുന്നതെന്നു എഴുതിയിട്ടുണ്ട്. അതിനാൽ ആ ഭാഗങ്ങൾ നമുക്ക്

തിരിച്ചറിയുവാൻ എളുപ്പമാണ്. പക്ഷേ, ചില ഭാഗത്ത് അങ്ങനെ എഴുതിയിട്ടുമില്ല. ഉദാഹരണത്തിന് വിശ്വാസികൾ എല്ലാവരും വിവാഹം കഴിക്കാതെ തന്നെപ്പോലെ ജീവിക്കുന്നത് നല്ലതാണെന്നു പറഞ്ഞു. അതുപോലെ വ്യായാമം അല്പ പ്രയോജനമുള്ളതെന്നും എഴുതിയിട്ടുണ്ട്. വേറെ ചില വാക്യങ്ങളും ഇതുപോലെ കണ്ടെത്തുവാൻ സാധിക്കും. ചില സഭാശുശ്രൂഷകന്മാർ ഇതുപോലെയുള്ള വേദഭാഗങ്ങൾ വായിച്ചു തെറ്റായി വ്യാഖ്യാനിച്ചു. ചില വിശ്വാസികൾക്ക് തിരുവത്താഴംവരെ വ്യായാമത്തിന്റെ പേരിൽ നിഷേധിച്ചിട്ടുണ്ട്. എന്നാൽ ഇന്നു വ്യായാമത്തിന്നായി "ഫിറ്റ്നസ്സ് സെന്റർ" മുതലായ സ്ഥലങ്ങളിൽ പോകുന്നവരെയും, ഫുട്ബോൾ, വോളിബോൾ, ബാസ്ക്കറ്റ്ബോൾ കളികളിൽ ഏർപ്പെടുന്നവർക്ക് തിരുവത്താഴത്തിനുള്ള വിലക്ക് ഇപ്പോഴത്തെ സഭാശുശ്രൂഷകന്മാർ നല്കുന്നില്ല. അപ്പോൾ എവിടെയാണ് പിശക് പറ്റിയതെന്ന് ചിന്തിക്കുന്നത് ഉചിതമായിരിക്കും. യഥാർത്ഥത്തിൽ തിരുവചനം ഗ്രഹിക്കുന്നതിലും അതു വ്യാഖ്യാനിക്കുന്നതിലുമുള്ള പിശകാണ് പഴയകാല സഭാശുശ്രൂഷകന്മാർക്ക് സംഭവിച്ചത്. അവരിൽ നല്ലൊരു പങ്ക് സഭാശുശ്രൂഷകന്മാരും ആന്തരികമായ കാര്യങ്ങളെക്കാൾ ബാഹ്യമായ കാര്യങ്ങൾക്കാണ് പ്രാധാന്യം നൽകിയത്. ജോലിയോ വ്യായാമമോ ചെയ്യാതെ ആഹാരം കഴിച്ചു രോഗങ്ങൾ വരുത്തിവെച്ചു ദൈവത്തിന്റെ മന്ദിരമായ അവരുടെ ശരീരം നശിപ്പിക്കുന്നതിൽ അവർ തെറ്റു കണ്ടെത്തിയതുമില്ല.

പൗലൊസ് അപ്പൊസ്തലൻ വളരെ ജ്ഞാനിയായ വ്യക്തിയായിരുന്നു. അതു അദ്ദേഹത്തിന്റെ എഴുത്തിലും പ്രതിഫലിച്ചിരുന്നു. പത്രൊസ് അപ്പൊസ്തലൻ അതിനെക്കുറിച്ച് ഇങ്ങനെയാണ് എഴുതിയിരിക്കുന്നത്. "അങ്ങനെ തന്നെ നമ്മുടെ പ്രിയ സഹോദരനായ പൗലൊസും തനിക്ക് ലഭിച്ച ജ്ഞാനത്തിനു തക്കവണ്ണം നിങ്ങൾക്കും ഇതിനെക്കുറിച്ചു സംസാരിക്കുന്ന സകല ലേഖനങ്ങളിലും എഴുതിയിട്ടുണ്ടല്ലോ. അവയിൽ ഗ്രഹിക്കുവാൻ പ്രയാസമുള്ള ചിലതുണ്ട്. അറിവില്ലാത്തവരും അസ്ഥിരന്മാരുമായവർ ശേഷം തിരുവെഴുത്തുകളെപ്പോലെ അതും തങ്ങളുടെ നാശത്തിന്നായി കോട്ടിക്കളയുന്നു" (2 പത്രൊസ് 3:15-16). ആത്മീയമായി വളരെ ഔന്നത്യം പ്രാപിച്ച വ്യക്തിയായിരുന്നു അപ്പൊസ്തലനായ പൗലൊസ്. അതിനാൽ പൗലൊസ് അപ്പൊസ്തലന്റെ എഴുത്തിലെ ചില വാക്യങ്ങൾ വ്യാഖ്യാനിക്കുമ്പോൾ അതിന്റെ സാഹചര്യവും, അർത്ഥവും, അതിൽ എല്ലാ വിശ്വാസികളും അനുസരിക്കേണ്ടതായ ഉപദേശം അടങ്ങിയിരിക്കുന്നോ എന്നും ചിന്തിക്കേണ്ടതാണ്. ചില ഉപദേശങ്ങൾ ക്രിസ്തു എന്ന തലയോളം വളരുവാൻ ആഗ്രഹിക്കുന്നവർ പാലിക്കേണ്ടതാണ്. പക്ഷേ അത് എല്ലാ വിശ്വാസികളിലും അടിച്ചേല്പിക്കുവാൻ ശുശ്രൂഷകന്മാർ മുതിരുമ്പോൾ സഭയിൽ പ്രശ്നമുണ്ടാകുന്നു. അതു മനസ്സിലാക്കിയിട്ടാണ് പത്രൊസ് അപ്പൊസ്തലൻ പൗലോസിന്റെ ലേഖനത്തെക്കുറിച്ചു എഴുതിയത്. പെന്തെക്കോസ്തു-ബ്രദറൺ സഭകളിൽ ഉള്ളവർ ഇന്നും പൗലൊസിന്റെ ചില വാചകങ്ങൾ തെറ്റായിട്ടു വ്യാഖ്യാനിച്ചു പഠിപ്പിക്കുന്നുണ്ട്. കാരണം ആ വാക്യങ്ങൾ അവർക്ക് ശരിക്കും മനസ്സിലാക്കാൻ സാധിക്കാത്തതുകൊണ്ടാണ്. ഇത്രയും കാര്യങ്ങൾ ഈ ലേഖനത്തിൽ എന്തിനാണ് എഴുതിയതെന്ന് ചിലർ ചിന്തിച്ചേക്കാം. പ്രവചനപരമായ കാര്യങ്ങളും ഇതുപോലെ തെറ്റായി വ്യാഖ്യാനിക്കുന്നു എന്നു പറയുവാനാണ് ഇത് എഴുതിയത്. അതിനാൽ നാം ഒരു കാര്യം മനസ്സിലാക്കണം. ആരാണ് പ്രവചന വിഷയങ്ങൾ സംസാരിക്കുന്നത് എന്നല്ല നാം നോക്കേണ്ടത്. അവർ വചനപ്രകാരവും പരിശുദ്ധാത്മാവിന്റെ സഹായത്താലുമാണോ പ്രവചന വിഷയങ്ങൾ സംസാരിക്കുന്നത് എന്നു നാം ചിന്തിക്കണം. ചില പ്രഭാഷകർ പഴയനിയമത്തിലെ ചില വാക്യങ്ങൾ എടുത്തു സ്ഥാനത്തും അസ്ഥാനത്തും പ്രയോഗിക്കാറുണ്ട്. ചില വാക്യങ്ങൾക്ക് അവർ നൂതനമായ വ്യാഖ്യാനവും നല്കും. വിശ്വാസികളിൽ ചിലർ അതു വിശ്വസിച്ചു അബദ്ധത്തിൽ ചാടുകയും ചെയ്യുന്നു. അതിനാൽ വിശ്വാസികൾ ബെരോവയിലെ വിശ്വാസികളെപ്പോലെ വായിക്കുന്നതും കേൾക്കുന്നതും അങ്ങനെ തന്നെയാണോ എന്ന് ശോധന ചെയ്യണം. ❖

# ദുർഘടസമയങ്ങളിലെ ആരാധന

**Evangelist Dani Ezekiel, MA, M.Th.**

പുതിയനിയമ സഭയുടെ ആരാധന എങ്ങനെ, എവിടെ, എപ്പോൾ, ഏതുവിധം നടത്തപ്പെടണം എന്നുള്ളത് കൊറോണാബാധ മുഖേന പിന്നെയും ഉയർന്നു വന്നത് തിന്മയെക്കാൾ നന്മയായി നാം കരുതണം. കാരണം ഈ വിഷയം മുൻപ് പഠിച്ചും പാടിയും പതിഞ്ഞതെങ്കിലും കാലത്തിന്റെ കുത്തൊഴുക്കിൽ പഠിച്ചതും പാടിയതും എല്ലാം നാം മറന്നുപോയേക്കാം. അതിനാൽ ആരാധനയെ സംബന്ധിച്ച് ഇപ്പോഴുള്ള കുഴച്ചിലുകളും കുഴങ്ങലുകളും മുഖാന്തരം വചനത്തിലേയ്ക്ക് ഒരു തിരിഞ്ഞുനോട്ടം നടത്തിയാൽ പത്മോസ് ദ്വീപിൽ യോഹന്നാൻ തിരിഞ്ഞപ്പോൾ കർത്താവിനെ കണ്ടതുപോലെ നമുക്കും സംശയനിവാരണം നടത്തുവാനാകും. കാനോനികമല്ലാത്ത പുസ്തകങ്ങളുടെ അതിപ്രസരം ബൈബിളിലെ കാനോനികമായ പുസ്തകങ്ങളുടെ മാറ്റ് കൂട്ടുവാനേ ഉതകിയുള്ളൂ എന്ന ചരിത്രം ഇവിടെയും ആവർത്തിക്കപ്പെടുകയേയുള്ളൂ. (The non-canonical books of the Bible eventually approved the canonical ones) ഇപ്പോഴുള്ള പ്രധാന പ്രശ്നങ്ങൾ ഇവയാണല്ലോ (1) ആരാധിക്കാൻ സഭ കൂടിവരേണമോ അതോ ഭവനങ്ങളിൽ ഇരുന്നും ആകാമോ? (2) സഭ കൂടിയാൽ തന്നേ തിരുവത്താഴം ഭക്ഷിക്കാമോ? (3) തിരുവത്താഴം ഭക്ഷിച്ചാൽ തന്നേയും ഒരു അപ്പവും ഒരു പാനപാത്രവും എന്ന പഴയരീതി ഇപ്പോൾ അവലംബിക്കാമോ? അവലംബിക്കാമെങ്കിൽ അതിനുള്ള വേദാധാരം എവിടെ?

വേർപെട്ട ദൈവജനത്തെക്കുറിച്ച് വളരെ പ്രതീക്ഷയ്ക്ക് വകയുള്ള കാര്യം ഇവിടെയാണ് അതായത്, വചനത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു എന്ന് കാണിച്ചു കൊടുത്താൽ വിശ്വാസത്തോടെ അത് അനുസരിക്കുന്നവരാണ് അവർ ഇന്നും. എന്നാൽ പലപ്പോഴും വചനം മുഴുവനും അറിയായ്കയാൽ ക്രിസ്തുവിന്റെ ശിഷ്യരെപ്പോലെ തെറ്റിപ്പോകുന്നു എന്നതാണ് കാര്യം. കർത്താവിന്റെ ക്രൂശീകരണശേഷം ഉണ്ടായ സങ്കീർണതകളാലും ചിന്താകുഴപ്പത്താലും വലഞ്ഞ് എമ്മോസിലേയ്ക്ക് തലയൊന്നൊളിപ്പിക്കാൻ പോയ ശിഷ്യന്മാരുടെ അവസ്ഥയാണ് ഇന്ന് ആരാധനാ വിഷയത്തിൽ വേർപെട്ടവർക്കുള്ളത്. കാരണം മറ്റുള്ളവരുടെ അവസ്ഥയല്ല നമുക്ക്, എന്തെന്നാൽ ആരാധിക്കയും വേണം, ആരാധിക്കാനൊട്ട് പറ്റുന്നതുമില്ല. ഇതിനുള്ള കർത്താവിന്റെ മറുപടി എന്നുള്ളത് നാം വചനം അപ്പാടെ എല്ലാം വിശ്വസിക്കണം എന്നാണ്. എങ്കിലേ നമ്മുടെ ആരാധനയും പൂർണ്ണമാകുകയുള്ളൂ. "അവൻ അവരോടു: അയ്യോ, ബുദ്ധിഹീനരേ, പ്രവാചകന്മാർ പറഞ്ഞിരിക്കുന്നത് എല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളേ. ക്രിസ്തു ഇങ്ങനെ കഷ്ടം അനുഭവിച്ചിട്ടു തന്റെ മഹത്വത്തിൽ കടക്കേണ്ടതല്ലയോ എന്നു പറഞ്ഞു" (ലൂക്കൊ. 24:25, 26). ഇല്ലായെങ്കിൽ തെറ്റിപോകുവാൻ മാത്രമല്ല വളരെ തെറ്റിപ്പോകുവാൻ തന്നേയുള്ള സാദ്ധ്യതയുണ്ട്. പുനരുത്ഥാനശേഷം ഒരു സ്ത്രീക്ക് ഏഴ് പുരുഷന്മാരിൽ നിന്ന് ആരായിരിക്കും ഭർത്താവ് എന്ന കുരുക്കു ചോദ്യം ഉന്നയിച്ച സദൂക്യരോട് കർത്താവ് ആദ്യം പറഞ്ഞത് അവർ തിരുവെഴുത്തുകളെ അറിയായ്കയാൽ തെറ്റിപ്പോകുന്നു എന്നും (മർക്കൊ. 12:24) അവസാനം നിങ്ങൾ വളരെ തെറ്റിപ്പോകുന്നു എന്നും ആണ് (മർക്കൊ.12:27). എന്നാൽ നാം ആരാധനയോടുള്ള ബന്ധത്തിൽ ഇവരിലും വലിയ തെറ്റാണ് ചെയ്യുന്നത്. കാരണം സദൂക്യരുന്നയിച്ച ചോദ്യത്തിന് കർത്താവ് പറയുന്നത് വരെ സമഗ്രമായോ ഭാഗികമായോ ഒരു ഉത്തരം പഴയനിയമത്തിൽ ഇല്ലായിരുന്നു. കാരണം ഇവർ പുനരുത്ഥാനം ഇല്ല എന്ന് സ്ഥാപിക്കാനാണ് വന്നതെങ്കിലും കർത്താവ് പുനരുത്ഥാനം ഉണ്ട് എന്ന് മുൾപ്പടർപ്പുഭാഗം ഉദ്ധരിച്ച് സ്ഥാപിക്കുന്നതിന് മുമ്പെ തന്നെ പുനരുത്ഥാന അവസ്ഥയെക്കുറിച്ചും കൂടെ മുൻകൂട്ടിപ്പറഞ്ഞു. "മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്ക്കുമ്പോൾ വിവാഹം കഴിക്കയില്ല വിവാഹത്തിന് കൊടുക്കയുമില്ല, സ്വർഗ്ഗത്തിലെ ദൂതന്മാരെപ്പോലെ ആകും" (മർക്കൊ.12:23). നമുക്കാകട്ടെ പഴയ-പുതിയ നിയമങ്ങളിൽ വളരെ വ്യക്തമായിട്ടു തന്നെ "തന്റെ ഓർമ്മയ്ക്കായി ഇവ്വണ്ണം ചെയ്യണം" എന്ന നിർദ്ദേശം ലഭിച്ചിരിക്കുകയാണ് എന്നു വരികിലും നാം അന്ധരായി അഭിനയിക്കയും സത്യന്വേഷകരായ അനേകരുടെ വഴി പരീശരെപ്പോലെ മുടക്കുന്ന കുരുടന്മാരായ വഴികാട്ടികളായിരിക്കയാണ്. മത്തായി സുവിശേഷത്തിൽ മൂന്നിടത്ത് ഈ പ്രയോഗം കാണാം. കുരുടനെ വഴികാട്ടുന്ന കുരുടനായും (മ

ത്താ. 15:14) മന്ദിരത്തേക്കാളും സ്വർണ്ണത്തിന് വില കല്പിക്കുന്നവരായും (മത്താ. 23:16) കൊതുകിനെ അരിച്ചെടുക്കയും ഒട്ടകത്തെ വിഴുങ്ങുകയും ചെയ്യുന്ന (മത്തായി 23:24) പരീശത്വ മനോഭാവം അന്ധതയ്ക്ക് കാരണമാകും.

## പുതിയ നിയമ ആരാധന എന്നാൽ എന്ത്?

സങ്കീർണ്ണമായ ഒന്നാണ് ആരാധനയും അതിന്റെ നിർവ്വചനവും നിർവ്വഹണവും. "Work is Worship" എന്ന് പറയുന്ന ഇന്ത്യയിൽ ഗാന്ധിജി തന്റേതായ "മരണകരമായ ഏഴ് പാപങ്ങളുടെ" പട്ടികയിൽ "Worship without Sacrifice" -നെയും ഒരു വിരോധാഭാസമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ദൈവമക്കൾക്ക് ഈ അവബോധംപോലും ഈ നാളുകളിൽ ഇല്ലാതെ കർത്താവിന്റെ മരണത്തെ പ്രസ്താവിക്കാത്ത (1 കൊരി. 11:26) ആരാധന അർപ്പിക്കുന്നു. ദൈവമാകട്ടെ സങ്കീർണ്ണമായ കാര്യങ്ങൾക്ക് ലളിതവും ഏകവുമായ നിർവ്വചനങ്ങൾ പറഞ്ഞു തന്നിട്ടുണ്ട്. ഉദാഹരണത്തിന് രക്ഷയുടെ നിർവ്വചനം: മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കണം എന്നതും (മർക്കൊ. 1:15) തുടർന്ന് സുവിശേഷം എന്നത് ദാവീദിന്റെ സന്തതിയായി ജനിച്ച് മരിച്ച് ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിനെ ഓർക്ക എന്നതും (2 തിമൊ. 2:8) സ്നാനം എന്നത് വിശ്വസിച്ചവർക്ക് ഉള്ളതും തങ്ങളെ വിശ്വാസത്തിലേയ്ക്ക് നയിച്ചവരോട് ചേരുന്നത് ആണെന്നും (അപ്പൊ. 2:41) എല്ലാം വളരെ വ്യക്തമാക്കുന്നു. ഇതിന്റെ എല്ലാ നിർവ്വചനവും മാത്രമല്ല നിർവ്വഹണവും എങ്ങനെ ആയിരിക്കണം എന്ന് വ്യക്തമാക്കിയിരിക്കുന്നു. ഉദാഹരണമായി സ്നാനത്തിന്റെ നിർവ്വഹണത്തെക്കുറിച്ച് വിശ്വസിക്കുന്നവരെ ത്രിയേക ദൈവത്തിന്റെ നാമത്തിൽ (മത്താ.28:19) ജലത്തിൽ പൂർണ്ണമായും നിമഞ്ജന സ്നാനം കഴിപ്പിക്കണം (അപ്പൊ. 8:37-39) എന്ന് വ്യക്തമായി നിർദ്ദേശിച്ചിരിക്കുന്നതുപോലെ ആരാധനയ്ക്ക് വ്യക്തവും ഏകവുമായ നിർവ്വചന-നിർവ്വഹണ രീതി തന്നെ ഉണ്ട്. രീതികൾ തെറ്റിച്ച് സ്നാനപ്പെടുത്തുന്ന ശിശു സ്നാനവും തളിപ്പ് സ്നാനവും, കൊടിക്കീഴിൽ ഉള്ള സ്നാനവും ഒന്നും സ്നാനമായി വേദപുസ്തകം പരിഗണിക്കാത്തതുപോലെ തെറ്റായ ആരാധനാ രീതികൾ ആരാധനയായി ദൈവം പരിഗണിക്കയില്ല.

യേശുക്രിസ്തു തന്റെ ശിഷ്യന്മാർ പന്ത്രണ്ടു പേരോടുകൂടെ കഴിച്ച പെസഹ പെരുന്നാളിന്റെ വേളയിലാണ് പെസഹയോടനുബന്ധിച്ച് പുതിയ നിയമ ആരാധനയെ നിർവ്വചിച്ചത്. പെസഹ എന്നത് വീണ്ടെടുക്കപ്പെട്ട യിസ്രായേലിന് ഓർമ്മ നാളായിരിക്കുന്നതുപോലെ (പുറ.12:14) തിരുവത്താഴ ശുശ്രൂഷയെയും കേന്ദ്രബിന്ദു ആക്കിക്കൊണ്ട് എന്റെ ഓർമ്മക്കായി ഇവ്വണ്ണമെല്ലാം ചെയ്യേണ്ടുന്ന ഒരു ഓർമ്മ-കർമ്മാധിഷ്ഠിത ആരാധനയായി ക്രിസ്തു നിർവ്വചിച്ചു.

## ആരാധനാ ദിവസം:-

സഭയുടെ ആരംഭത്തിൽ എല്ലാ ദിവസവും അപ്പം നുറുക്കിയിരുന്നു എന്ന് അപ്പോസ്തല പ്രവൃത്തി 2:46 സാക്ഷ്യപ്പെടുത്തുന്നു: "ഒരുമനപ്പെട്ടു ദിനംപ്രതി ദൈവാലയത്തിൽ കൂടിവരികയും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ട് ഉല്ലാസവും ഹൃദയ പരമാർത്ഥതയും പൂണ്ടു ഭക്ഷണം കഴിക്കയും....". ഇവിടെയും അപ്പം നുറുക്കലിനെയും ഭക്ഷണം കഴിക്കുന്നതിനെയും വെച്ചേറെയായി തരംതിരിച്ചിരിക്കുന്നു. എന്നാൽ പിന്നെത്തേതിൽ, നിങ്ങൾ കൂടിവരുമ്പോൾ (1 കൊരി. 11:20), കുടിക്കുമ്പോഴൊക്കെയും (1 കൊരി. 11:25) എന്നാണ് പറഞ്ഞിരിക്കുന്നത്. അതായത് നിങ്ങൾ കൂടിവരുമ്പോൾ കുടിക്കണം അപ്പോൾ ഓർക്കണം എന്നേ അർത്ഥമാക്കുന്നുള്ളു. അതിനാൽ ഈ കൂടിവരുന്നത് എപ്പോഴാ ണെന്ന് നിജപ്പെടുത്തേണ്ടിയിരിക്കുന്നു. അത് അപ്പോസ്തലന്മാർ തന്നെ നമുക്കായി ചിട്ടപ്പെടുത്തിയിട്ടുണ്ട്. ചിലർ ഉപേക്ഷിക്കുന്നതുപോലെ ഒട്ടും ഉപേക്ഷിക്കുവാനാകാത്ത സഭായോഗം ആഴ്ചവട്ടത്തിന്റെ ഒന്നാംദിവസം (എബ്രാ. 10:24) തന്നെയാണെന്ന് വേദപണ്ഡിതർ അവകാശപ്പെടുന്നു.

## ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം:-

എന്നാൽ ഇനിയുള്ള തെളിവുകൾ വളരെ വ്യക്തതയുള്ളതാണ്. പൗലൊസ് ത്രോവാസിൽ എത്തി ഏഴുദിവസം പാർത്തശേഷം ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ അപ്പം നുറുക്കുവാൻ കൂടിവന്നു (അപ്പൊ. 20:7). ഇവിടെ ശ്രദ്ധേയമായ ഒരു ഭാഷാ പ്രയോഗം ഉണ്ട്. പൗലോസ് ഇവിടെ വന്നത് അപ്പം നുറുക്കുവാൻ ആണ്. അതായത് "To break bread". ഇതുപോലെതന്നെയാണ് കർത്താവ് നുറുക്കിക്കൊടുത്തും ശിഷ്യന്മാർ ഭുജിച്ചതും. അല്ലാതെ പൗലോസ്

ഭക്ഷണം കഴിച്ച് വിശപ്പകറ്റുവാൻ വന്നതല്ല, അതിനുള്ള വാക്ക് "To eat ones bread" എന്നാണ്. അവിടെ തന്നെ യൂത്തിക്കോസിനെ ജീവിപ്പിച്ചശേഷം പൗലോസ് കയറിച്ചെന്ന് അപ്പം നുറുക്കിതിന്ന് സംഭാഷണം തുടർന്നു. (അപ്പോ. 20:11) എന്നത് ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിനെ സൂചിപ്പിക്കുന്നു.

**ഞായറാഴ്ച :**

ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിന് പ്രത്യേകതയേറെയുണ്ട്. അതിൽ ഏറ്റവും പ്രധാനമായത് കർത്താവ് മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റത് ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ തന്നെയാണ്. മാത്രമല്ല സഭ സ്ഥാപിതമായ പെന്തക്കോസ്തു നാൾ എന്നത് പെസഹയ്ക്കു ശേഷമുള്ള ഏഴ് ആഴ്ചകൾക്ക് ശേഷമുള്ള 50-ാം ദിവസം അതായത് അത് മറ്റൊരു ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം തന്നെയാണ്. വെളിപ്പാട് പുസ്തകത്തിൽ യോഹന്നാൻ ആത്മാവിലായ കർതൃദിവസം ഇതുപോലെ ഒരു ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആകാനാണ് ഏറെ സാധ്യത. കാരണം ഇവിടത്തെ കർതൃദിവസം എന്നത് "Lord's Day" ആണ്. എന്നാൽ അത് കർത്താവിന്റെ ദിവസം അഥവാ "Day of the Lord" -ൽ നിന്നും വ്യത്യസ്തമാണ്. ഇവിടെയുള്ള കർതൃദിവസവും ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസവും ഒന്നുതന്നെയാണ്; ഇവയ്ക്ക് ഇത്രയേറെ പ്രത്യേകതകളുണ്ട്.

ആദിമനൂറ്റാണ്ടുകളിൽ ശബ്ബത്ത്നാൾ തന്നെയാണ് യെഹൂദരെയും ക്രിസ്ത്യാനികളെയും ബാധിക്കുന്ന അവധിദിവസം. അത് യെഹൂദർ ഭരണാധിപന്മാരെ സ്വാധീനിച്ച് നേടിയെടുത്തിരുന്നു. ഞായർ ആകട്ടെ അറബിനാടുകളിൽ ഇന്നും ഉള്ളത് പോലെ ആദ്യത്തെ പ്രവൃത്തി ദിവസവും. എന്നാൽ വിശ്വാസികൾ ജോലികളിൽ വ്യാപൃതരായശേഷം വൈകുന്നേരങ്ങളിൽ ആരാധനയ്ക്ക് കൂടിയിരുന്നു. പിന്നത്തേതിൽ കോൺസ്റ്റാൻടൈൻ ചക്രവർത്തിയുടെ കാലത്താണ് ഞായർ അവധി ദിവസമായത്.

**ആരാധനാവിധം:-**

ആരാധനാവിധത്തിൽ പ്രധാനമായത് ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തെ സഭായോഗത്തെ പ്രത്യേകാൽ വിശേഷിപ്പിക്കുന്ന അപ്പം നുറുക്കൽ എന്ന പ്രയോഗം തന്നെ. അപ്പം നുറുക്കൽ എന്നതിൽ പാനപാത്രപാനവും ഉൾക്കൊള്ളിച്ചിട്ടുണ്ട്. മാത്രമല്ല, സ്തോത്രം, സ്തുതി, സങ്കീർത്തന പാരായണം, വചനശുശ്രൂഷ (അപ്പൊ. 20:11), ധനശേഖരണം (1 കൊരി. 16:2), കൂടെ ഉണ്ടായിരുന്നു. "ഞാൻ വന്നശേഷം മാത്രം ശേഖരം ഉണ്ടാകാതിരിക്കേണ്ടതിന് ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾതോറും നിങ്ങളിൽ ഓരോരുത്തൻ തനിക്ക് കഴിവുള്ളതു ചരതിച്ചു തന്റെ പക്കൽ വെച്ചുകൊള്ളേണം" (1 കൊരി. 16:2). ഇതിൽ നിന്നും ഉപേക്ഷിക്കാതെ ഇരിക്കേണ്ട സഭായോഗങ്ങൾ ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ തോറും ആണ് പുതിയനിയമ സഭയിൽ നടത്തിയിരുന്നത് സുവ്യക്തമാണല്ലോ. ഇത് വലിയ ഇടവേളയല്ല കാരണം റോമിലെ ചക്രവർത്തിയെ ആരാധിക്കേണ്ടത് മാസത്തിൽ ഒരിക്കലെങ്കിൽ ചക്രവർത്തിമാരുടെ ചക്രവർത്തിയായ കർത്താവിനെ ആരാധിക്കേണ്ടത് ആഴ്ചയിൽ ഒരിക്കലും. മറ്റാർക്കെങ്കിലും ഇത്രയും ഓർമ്മ-ഉത്സവ ദിവസങ്ങൾ ഉണ്ടോ?

**ഒരു അപ്പവും ഒരു പാനപാത്രവും**

അപ്പവും പാനപാത്രവും ഒന്നേ ഉണ്ടായിരുന്നു എന്നുള്ളത് സുവ്യക്തവും അതിൽ പങ്കാളികളായിത്തീരുന്ന വിശ്വാസികളുടെ ഒരുമയും ഏകത്വവും കാണിക്കുകയാണ്. "നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ? നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലയോ? അപ്പം ഒന്ന് ആക കൊണ്ട് പലരായ നാം ഒരു ശരീരം ആകുന്നു; നാം എല്ലാവരും ആ ഒരേ അപ്പത്തിന്റെ അംശികൾ ആകുന്നുവല്ലോ. ജഡപ്രകാരമുള്ള യിസ്രായേലിനെ നോക്കുവിൻ; യാഗങ്ങൾ ഭുജിക്കുന്നവർ യാഗപീഠത്തിന്റെ കൂട്ടാളികൾ അല്ലയോ?" (1 കൊരി. 10:16-18). അപ്പവും പാനപാത്രവും ഏകവും ഒരേ അപ്പത്തിൽ നിന്ന് ഭുജിച്ചെങ്കിലേ നമുക്കു തമ്മിലുള്ള കൂട്ടായ്മ ആവിഷ്കരിക്കപ്പെടൂ. പാനപാത്രത്തിന്റെ കാര്യവും വ്യത്യസ്തമല്ല. കർത്താവ് ഒരു പാനപാത്രം എടുത്തു വാഴ്ത്തുകയും അവർ എല്ലാവരോടും അതിൽ നിന്നുതന്നെ കുടിക്കുവാൻ കല്പിച്ചു. "പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്ക് കൊടുത്തു. എല്ലാവരും ഇതിൽ നിന്നു കുടിപ്പിൻ" (മത്താ. 26:27). "പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്ക് കൊടുത്തു; എല്ലാവരും അതിൽനിന്നു കുടിച്ചു" (മർക്കൊ.14:23). "And having taken <u>a cup</u> and having given thanks. He gave to them saying, "<u>Drink</u>

of it, all of you" ഈ പരിഭാഷ ഗ്രീക്കിൽ നിന്ന് നേരിട്ടുള്ളതാണ്. ഒരു പാനപാത്രം അല്ലെങ്കിൽ ഒരേ പാനപാത്രത്തിൽ നിന്ന് തന്നെ എല്ലാവരും കുടിക്കണം എന്ന കല്പന ഇവിടെ പകൽപോലെ വ്യക്തമല്ലേ. എന്നാൽ ചില പരിഭാഷകളിൽ മറ്റു ചില കൈയെഴുത്ത് പ്രതികളിൽ ഉള്ള "Drink ye, all of it" എന്നത് യുക്തിസഹമല്ല. കാരണം ഇതിൻപ്രകാരം പാനപാത്രത്തിലെ മുഴുവനും ഒരാൾ തന്നേ കുടിക്കണം എന്നു വരും. അവിടെ ഒരു പാനപാത്രമേ എല്ലാവർക്കും കൂടെ ഉള്ളൂതാനും. എങ്കിൽ പതിനൊന്നു തവണ പാനപാത്രം തുടരെത്തുടരെ നിറയ്ക്കേണ്ടതായി വരും. കർത്താവ് പറഞ്ഞതാകട്ടെ എല്ലാവരും ഒന്നിൽ നിന്നു കുടിക്കുവാൻ തന്നെയാണ്.

**പെസഹ ദിവസ നടപടികൾ:** പെസഹപ്പെരുനാളിന്റെ പശ്ചാത്തലത്തിൽ ഇറങ്ങി ചിന്തിച്ചാൽ മുകളിൽ പറഞ്ഞവയുടെ വാസ്തവ സ്വഭാവം കൂടുതൽ മനസ്സിലാക്കാം. ആദ്യത്തെ പെസഹയിലോതുടർന്നുള്ളവയിലോ പാനപാത്രത്തിന്റെ പങ്ക് പറയുന്നില്ല. കാരണം മിസ്രയീമിലെ അടിമകൾക്ക് എവിടെ നിന്നാണ് വീഞ്ഞ് ലഭിക്കുക? എന്നാൽ പിൽക്കാലത്ത് പാനപാത്രവും വീഞ്ഞും പെസഹയുടെ ഭാഗമായിത്തീർന്നു. അപ്പോൾ അവർ പെസഹയിൽ അവരവരുടെ പാനപാത്രങ്ങളിലോ അല്ലാതെയോ നാലുതവണ വീഞ്ഞ് കുടിച്ചിരുന്നു. ഓരോ തവണ വീഞ്ഞ് നിറയ്ക്കുമ്പോഴും പാനപാത്രത്തിന് നാല് പേരുകൾ നൽകിയിരുന്നു. ഒന്നാമത്തേതിന് Kiddush അഥവാ cup of sanctification (ശുദ്ധീകരണത്തിന്റെ പാനപാത്രം) എന്നായിരുന്നു. അത് പെസഹയ്ക്കായി കൂടിവരുമ്പോൾ ആദ്യമേ കുടിച്ചിരുന്നു. അതോടൊപ്പം കൈപ്പ് ചീര, പച്ചയായ സസ്യങ്ങൾ, പഴവർഗങ്ങൾ, വിനാഗിരി എന്നിവ അടങ്ങിയ ഒരു "Appetizer" ഭക്ഷിക്കും. അപ്പോൾ രണ്ടാമത്തെ പാനപാത്രമായ Maggid അഥവാ cup of plague/judgment/deliverance (ബാധയുടെ, ന്യായവിധിയുടെ, വിമോചനത്തിന്റെ പാനപാത്രം) ഒരുക്കിവയ്ക്കും. കുട്ടികളിൽ ഒരാൾ തന്റെ പിതാവിനോട് ഈ രാത്രിക്ക് മറ്റു രാത്രികളിൽ നിന്നുള്ള പ്രത്യേകത എന്തെന്ന് ആരായും. പിതാവ് അതിന് മറുപടിയും നൽകുന്നതിനാൽ ഇതിന് Haggadah cup അഥവാ ചരിത്രം അഥവാ ഗാഥയുടെ പാനപാത്രം എന്നും പേരുണ്ട്. തുടർന്ന് പെസഹാ സങ്കീർത്തനങ്ങളിലെ (Passover Hallel) ആദ്യത്തെ രണ്ടെണ്ണം Ps. 113 & Ps 114 ഗാനപ്രതിഗാനമായി പാടിയശേഷം രണ്ടാമത്തെ പാനപാത്രം കുടിച്ചിരുന്നു. തുടർന്ന് പ്രധാന ഭക്ഷണത്തിനായി പുളിപ്പില്ലാത്ത അപ്പം വാഴ്ത്തിയശേഷം എല്ലാവരും ആമേൻ പറഞ്ഞ് അത് ഭക്ഷിച്ചിരുന്നു. കർത്താവിന്റെ അന്ത്യഅത്താഴ വേളയിൽ പ്രധാന ഭക്ഷണവേള കഴിഞ്ഞപ്പോൾ തന്നേ യൂദയെ കർത്താവ് പറഞ്ഞയക്കുന്നു. പെസഹയിലെ കൂട്ടായ്മ പൂർത്തിയാക്കാൻ യൂദാ തല്പരനും ആകുന്നില്ല. "ഞാൻ അപ്പം ഖണ്ഡം മുക്കി കൊടുക്കുന്നവൻ തന്നേ എന്നു യേശു ഉത്തരം പറഞ്ഞു; ഖണ്ഡം മുക്കി ശീമോൻ ഇസ്ക്കര്യോത്താവിന്റെ മകനായ യൂദയ്ക്ക് കൊടുത്തു. ഖണ്ഡം വാങ്ങിയ ഉടനെ സാത്താൻ അവനിൽ കടന്നു. യേശു അവനോട്: നീ ചെയ്യുന്നത് വേഗത്തിൽ ചെയ്ക എന്നു പറഞ്ഞു". എന്നാൽ ഇതു ഇന്നതിനെക്കുറിച്ച് പറഞ്ഞുവെന്നു പന്തിയിൽ ഇരുന്നവരിൽ ആരും അറിഞ്ഞില്ല. പണസഞ്ചി യൂദയുടെ പക്കൽ ആകയാൽ പെരുന്നാളിനു വേണ്ടുന്നതു മേടിപ്പാനോ ദരിദ്രർക്കു വല്ലതും കൊടുപ്പാനോ യേശു അവരോട് കല്പിക്കുന്നു എന്ന് ചിലർക്ക് തോന്നി. ഖണ്ഡം വാങ്ങിയ ഉടനെ അവൻ എഴുന്നേറ്റ് പോയി. അപ്പോൾ രാത്രി ആയിരുന്നു." (യോഹ. 13:26-30). യൂദ പോയശേഷം മാത്രമാണ് കർത്താവ് ഒരു അപ്പം എടുത്ത് വാഴ്ത്തി നുറുക്കി ശിഷ്യർക്ക് കൊടുത്ത് തിരുവത്താഴ ശുശ്രൂഷ സ്ഥാപിച്ചത്. എന്നാൽ യഹൂദ പാരമ്പര്യപ്രകാരം അദ്ധ്യക്ഷൻ അപ്പം മുറിക്കുന്നത് തന്നെ ഭക്ഷിക്കുവാനുള്ള നിർദ്ദേശമാണ്. എന്നാൽ യേശുക്രിസ്തു ഇവിടെയും വ്യത്യസ്തനായി. കാരണം താൻ എടുത്ത ആ അപ്പത്തെ കർത്താവ് പിന്നെയും വാഴ്ത്തിയിട്ടാണ് നുറുക്കി നൽകിയത്. പാനപാത്രവും ഇത്തരത്തിൽ വാഴ്ത്തി. തുടർന്ന് ഭക്ഷണ അവശിഷ്ടങ്ങളും മേശയും വൃത്തിയാക്കിയശേഷം മൂന്നാമത്തെ പാനപാത്രം Birkat Hamazon അഥവാ cup of blessing / redemption (അനുഗ്രഹപാത്രം "നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം" 1 കൊരി. 10:16) ആണ്. അദ്ധ്യക്ഷൻ ഇതിനായി ഒരു പാനപാത്രം വീഞ്ഞ് എടുത്ത് വാഴ്ത്തി എല്ലാവർക്കും നൽകിയിരുന്നു. ഈ മൂന്നാമത്തെ പാനപാത്രം പൊതുവിൽ ഉള്ളതാണ്. എല്ലാവരും അതിൽ നിന്ന് കുടിച്ച് അവരുടെ അടുപ്പം, കൂട്ടായ്മ, ഐക്യം ഊട്ടിയുറപ്പിച്ചിരുന്നു. ഇതാണ് കർത്താവും ചെയ്തത്, എങ്ങനെയെന്നാൽ അത്താഴം കഴിഞ്ഞ

ശേഷം താൻ പാനപാത്രം എടുത്ത് സ്തോത്രം ചെയ്തിട്ട്, എല്ലാവരും ഇതിൽ നിന്ന് കുടിപ്പിൻ എന്ന് പ്രഖ്യാപിച്ചു. അതിനാൽ അപ്പം ഒന്ന് എന്നപോലെ പാനപാത്രവും ഒന്നുതന്നെയാണ്. ഇനിയുള്ള സംശയം അവർ ചുണ്ടോടടുപ്പിച്ചു കുടിച്ചുവോ ഇല്ലയോ എന്നത് മാത്രമാണ്. അത് പിന്നാലെ ചിന്തിക്കാം. തുടർന്ന്, നാലാമത്തേയും അവസാനത്തേതുമായ പാനപാത്രമായ Hallel cup അഥവാ സ്തോത്രത്തിന്റെ പാനപാത്രം പെസഹാ സങ്കീർത്തനങ്ങളിലെ (Passover Hallel) Ps 115-118 വരെ പാടി പാനം ചെയ്തശേഷം അവർ പിരിഞ്ഞു പോയിരുന്നു. കർത്താവും ശിഷ്യരും ഇതേ ശൈലി തുടർന്നു: "പിന്നെ അവർ സ്തോത്രം പാടിയശേഷം ഒലിവുമലയ്ക്ക് പുറപ്പെട്ടുപോയി" (മത്താ.26:30). അപ്പോൾ പാടിയ ഭാഗങ്ങളിൽ സങ്കീർത്തനം 118 ലെ വാക്യങ്ങളായ 22, 23, 24 & 27 തികച്ചും അന്വർത്ഥങ്ങളാണ്. "വീടുപണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായി തീർന്നിരിക്കുന്നു. ഇത് യഹോവയാൽ സംഭവിച്ചു, നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യമായിരിക്കുന്നു. ഇത് യഹോവ ഉണ്ടാക്കിയ ദിവസം; ഇന്നു നാം സന്തോഷിച്ചു ആനന്ദിക്ക... യഹോവ തന്നെ ദൈവം; അവൻ നമുക്ക് പ്രകാശം തന്നിരിക്കുന്നു; യാഗപീഠത്തിന്റെ കൊമ്പുകളോളം യാഗപശുവിനെ കയറുകൊണ്ടു കെട്ടുവിൻ".

എന്നാൽ പാനപാത്രം അധരത്തോടടുപ്പിച്ച് കുടിച്ചിരുന്നോ എന്നുള്ളത് വ്യക്തമായി പറഞ്ഞിട്ടില്ല. എന്നാൽ തിരുവത്താഴത്തിന് അപ്പം മുറിക്കൽ എന്ന് നാമകരണം ചെയ്തതിൽ പാനപാത്രപാനവും ഉണ്ടെന്ന് ന്യായമായി നാം മനസ്സിലാക്കുന്നതുപോലെ തന്നെ ഒരേപാനപാത്രം ചുണ്ടോടടുപ്പിച്ചു തന്നെ കുടിച്ചിരുന്നുവെന്നും നമുക്ക് മനസ്സിലാക്കാം. കാരണം, ഒന്നാമതായി, കർത്താവിന്റെ രക്തത്തിന്റെ പുതിയനിയമത്തിന്റെ ഓർമ്മയുടെ കൂട്ടായ്മ പൂർത്തിയാകണമെങ്കിൽ അവരെല്ലാവരും ഒരു പാനപാത്രത്തിൽ നിന്ന് എന്നുമാത്രമല്ല ചുണ്ടോടടുപ്പിച്ച് കുടിക്കയും ചെയ്യണം. ചുണ്ടിൽ നിന്ന് ഉയർത്തിയോ, കുടിച്ചശേഷം പാനപാത്രം തുടച്ചു നൽകുന്നതോ, ഒരു കരണ്ടിയിൽ ഇറ്റിച്ചു കൊടുക്കുന്നതോ കൂട്ടായ്മയേക്കാൾ അകൽച്ചയെയാണ് പ്രതിധ്വനിപ്പിക്കുന്നത്. അങ്ങനെയായാൽ പല ചെറു കപ്പുകളിൽ പകർന്നു കുടിക്കുന്നത് കൂട്ടായ്മയെയോ കൂട്ടാളിത്വത്തെയോ, അംശികൾ എന്നതിനെയോ അവഹേളിക്കുകയാണ് ചെയ്യുന്നത്. വിധിപ്രകാരം ചെയ്യേണ്ട കർമ്മങ്ങളെ അതിൻപ്രകാരം ചെയ്യാതെ നമ്മുടെ യുക്തിബുദ്ധി, ഇച്ഛ എന്നിവയിൻ പ്രകാരം ചെയ്യുന്നതിനെ സ്വേച്ഛാരാധന (കൊലോ.2:23) എന്നാണ് തിരുവെഴുത്ത് വിശേഷിപ്പിക്കുന്നത്. സ്നാനത്തിനായി ഇത്തരം ന്യായങ്ങൾ പറയുന്നവരെ നമ്മൾ അംഗീകരിക്കാറില്ല. വെള്ളം കുറവായിരുന്നതിനാൽ തളിച്ച് സ്നാനപ്പെടുത്തുവാനോ, രോഗിയായതിനാൽ നിമജ്ജനസ്നാനം വേണ്ട എന്നോ നാം പറയാറില്ല. തിരുവത്താഴത്തിൽ പങ്കുവേണമെങ്കിൽ സ്നാനം അതിന്റേതായ രീതിയിൽ നടത്തുവാൻ നാം നിഷ്കർഷത പാലിക്കുന്നു. അല്ലായെങ്കിൽ വെള്ളത്തിനായുള്ള അടിയന്തിര സംവിധാനങ്ങൾ ഒരുക്കുകയും വൃദ്ധർക്കും രോഗികൾക്കും മുഴുവൻ ജലവും ചൂടാക്കികൊടുക്കുന്നതും കണ്ടിട്ടുണ്ട്. എന്നിരുന്നാലും വികലമായൊരു സ്നാനത്തിനായി മുതിരാറില്ല. എന്നാൽ ഇങ്ങനെ സ്നാനപ്പെട്ടവരും സ്നാനപ്പെടുത്തുന്നവർപോലും അതിനുശേഷമുള്ള തിരുവത്താഴത്തിൽ കൊറോണകാലത്ത് സ്വേച്ഛ ചേർക്കുവാൻ പ്രേരിതരായി. തിരുവത്താഴം വിധിപ്രകാരമേ കഴിക്കാവൂ. അല്ലായെങ്കിൽ വിധിപ്രകാരം കഴിക്കുവാനായി കാത്തിരിക്കുക, എന്നാലും വികലമാക്കി കഴിക്കരുത്. ഇങ്ങനെ വികലമാക്കി കഴിച്ചിട്ട് അഭിമാനിക്കുകയല്ല സ്വയം ദൈവത്തോട് ക്ഷമക്കായി അഭ്യർത്ഥിക്കയാണ് വേണ്ടത്, കാരണം ഇത്തരക്കാർക്കാണ് കൊറോണ അല്ല ദൈവം അയക്കുന്ന അസുഖങ്ങൾ പഴയ നിയമകാലത്ത് എന്നപോലെ വരാം. "തങ്ങളെ തന്നെ വിശുദ്ധീകരിക്കാത്തവർ പലരും സഭയിലുണ്ടായിരുന്നു; അതുകൊണ്ട് ശുദ്ധിയില്ലാത്ത ഓരോരുത്തനുവേണ്ടി പെസഹ അറുത്തു യഹോവയ്ക്ക് നിവേദിക്കേണ്ടതിന് ലേവ്യർ ഭരമേറ്റിരുന്നു. വലിയൊരു ജനസമൂഹം എഫ്രയീമിൽ നിന്നും മനശ്ശെയിൽ നിന്നും യിസ്സാഖാരിൽ നിന്നും സെബുലൂനിൽ നിന്നും ഉള്ള അനേകർ, തങ്ങളെതന്നെ ശുദ്ധീകരിക്കാതെ എഴുതിയിരിക്കുന്ന വിധിവിട്ടു മറ്റൊരു പ്രകാരത്തിൽ പെസഹ തിന്നു. എന്നാൽ യെഹസ്കിയാവ് അവർക്കുവേണ്ടി പ്രാർത്ഥിച്ചു. വിശുദ്ധ മന്ദിരത്തിന് ആവശ്യമായ വിശുദ്ധീകരണം പോലെ വിശുദ്ധനായില്ലെങ്കിലും ദൈവത്തെ തന്റെ പിതാക്കന്മാരുടെ ദൈവമായ യഹോവയെതന്നെ അന്വേഷിപ്പാൻ മനസ്സുവെക്കുന്ന എല്ലാവനോടും ദയാലുവായ യഹോവേ, ക്ഷമിക്കേണമേ

എന്നു പറഞ്ഞു. യഹോവ യെഹസ്ക്കിയാവിന്റെ പ്രാർത്ഥനകേട്ട് ജനത്തെ സൗഖ്യമാക്കി'' (2 ദിന.30:17-20). ഈ ഗുരുതര ഇരട്ട പ്രശ്നമാണ് ഇപ്പോഴുമുള്ളത്. അതായത്, സ്വയം ശുദ്ധരാകാൻ താല്പര്യമില്ല എന്നു മാത്രമല്ല ആരാധിക്കയും വേണം, അതിനായി എഴുതിയ വിധി വിട്ട് മറ്റൊരു വിധത്തിൽ ആരാധന. അതിന്റെ അനന്തര ഫലമോ, അസുഖവും. അതായത് വിധിപ്രകാരം ആരാധിക്കാൻ സാധ്യമല്ലെങ്കിൽ അതുവരെയും കാത്തിരിക്കുന്നതാണ് നല്ലത്. ഇതിനായി ഹിസ്ക്കിയാവിന്റെ കാലത്തിലെ ചരിത്രംതന്നെ പരിശോധിക്കാം. "പുരോഹിതന്മാർ വേണ്ടുന്നത്രയും പേർ തങ്ങളെത്തന്നെ വിശുദ്ധീകരിക്കാതെയും ജനം യെരുശലേമിൽ ഒരുമിച്ചു കൂടാതെയും ഇരുന്നതുകൊണ്ട് സമയത്തു അത് ആചരിപ്പാൻ അവർക്ക് കഴിഞ്ഞിരുന്നില്ല.... ഇങ്ങനെ അവർ യെരുശലേമിൽ യിസ്രായേലിന്റെ ദൈവമായ യഹോവയ്ക്ക് പെസഹ ആചരിപ്പാൻ വരേണ്ടതിന് ബേർ-ശേബ മുതൽ ദാൻ വരെ എല്ലാ യിസ്രായേലിന്റെ ഇടയിലും പരസ്യമാക്കേണമെന്ന് ഒരു തീർപ്പുണ്ടാക്കി. അവർ ബഹുകാലമായിട്ട് അത് വിധിപോലെ ആചരിച്ചിരുന്നില്ല''(2 ദിന.30:3,5).

വിധി പോലെയുള്ള ആചരണത്തിനായി അനന്തമായി കാത്തിരിക്കേണ്ടി വരികയില്ല. കാരണം വർഷത്തിലൊരിക്കൽ മാത്രമുള്ള പെസഹ ആചരണം അശുദ്ധിയാലോ, ദൂരെയാത്രയാലോ മുടങ്ങിപ്പോയ ഒരാൾ അടുത്ത വർഷംവരെ കാത്തിരിക്കേണമോ എന്ന ചോദ്യം ഉയർന്നതിനുള്ള ഉത്തരം സംഖ്യാപുസ്തകത്തിൽ മോശെയ്ക്ക് ദൈവം കല്പന നൽകുന്നു. പുറപ്പാടിലോ ലേവ്യ പുസ്തകത്തിലോ നൽകാത്ത ഒരു നിർദ്ദേശമായിരുന്നു അത്. മുടങ്ങിയവർ അടുത്ത മാസം 14-ാം തീയതി പെസഹ ആചരിക്കണം, അടുത്തവർഷം വരെ കാത്തിരിക്കണ്ട. എന്നാൽ ശുദ്ധരായിരുന്നിട്ടും പെസഹ ആചരിക്കാത്തവരെ ജനത്തിൽ നിന്നും ഛേദിച്ചു കളയേണം. അശുദ്ധരായ ചിലർ ശുദ്ധരാകുന്നതിനു മുമ്പ് പെസഹ ആചരിക്കേണമെന്ന് വാശിപിടിച്ചപ്പോഴാണ് ഈ ദൈവിക ഇടപെടൽ. (സംഖ്യ. 9:6-13). പരദേശിക്കും സ്വദേശിക്കും ഒരു ചട്ടമേ പെസഹയ്ക്കുള്ളൂ (v.14). "എന്നാറെ യഹോവ മോശെയോട് അരുളിചെയ്തതു: നീ യിസ്രായേൽ മക്കളോടു പറയേണ്ടതു എന്തെന്നാൽ: നിങ്ങളിലോ നിങ്ങളുടെ സന്തതികളിലോ വല്ലവനും ശവത്താൽ അശുദ്ധനാകയോ ദൂരെയാത്രയിൽ ആയിരിക്കയോ ചെയ്താലും അവൻ യഹോവയ്ക്കു പെസഹ ആചരിക്കേണം. രണ്ടാം മാസം പതിനാലാം തീയതി സന്ധ്യാസമയത്ത് അവർ അത് ആചരിച്ചു പുളിപ്പില്ലാത്ത അപ്പത്തോടും കൈപ്പു ചീരയോടുംകൂടെ അത് ഭക്ഷിക്കേണം". (vv. 9-11). അതിനാൽ ആദ്യമായി ഓരോരുത്തനും അശുദ്ധി, പുളിപ്പ് എന്നിവ മാറ്റുകയും എഴുതിയിരിക്കുന്ന വിധത്തിൽ തന്നെ വിധിപ്രകാരമുള്ള ആരാധന അർപ്പിക്കണം. അതിനായി അനന്തമായി കാത്തിരിക്കുന്നതുതന്നെ തെറ്റാണ്.

## പുതിയനിയമ ആരാധനയുടെ അതിജീവന സജ്ജീകരണം

കൊറോണകാലത്തെ കൈകളുടെ ശുചിത്വവും സാനിറ്റൈസർ ഉപയോഗവും ശുദ്ധിയുള്ള ആഹാരം കഴിക്കലും, രോഗികൾക്കുള്ള ക്വാറന്റൈൻ രീതികളും നമുക്ക് പുതിയതായിരിക്കാം എങ്കിലും ദൈവവചനത്തിൽ ഈ കാര്യങ്ങൾ സഹസ്രാബ്ദങ്ങൾക്ക് മുമ്പേ എഴുതി സൂക്ഷിച്ചിരിക്കുകയാണ്. പെസഹ ആചരണത്തിലെ ഓരോ പാനപാത്രത്തിനിടയിലും ഭക്ഷണ ഇടവേളയിലും അവർ കൈകഴുകിയിരുന്നു. പരീശന്മാർ ആകട്ടെ കൈകഴുകാതെ ഒന്നും ഭക്ഷിച്ചിരുന്നില്ല. "അവന്റെ ശിഷ്യന്മാരിൽ ചിലർ ശുദ്ധിയില്ലാതെ എന്നുവെച്ചാൽ, കഴുകാത്ത, കൈകൊണ്ടു ഭക്ഷണം കഴിക്കുന്നത് അവർ കണ്ടു. പരീശന്മാരും യഹൂദന്മാർ ഒക്കെയും പൂർവ്വന്മാരുടെ സമ്പ്രദായം പ്രമാണിച്ചു കൈനന്നായി കഴുകീട്ടില്ലാതെ ഭക്ഷണം കഴിക്കയില്ല. ചന്തയിൽ നിന്നു വരുമ്പോഴും കുളിച്ചിട്ടല്ലാതെ ഭക്ഷണം കഴിക്കയില്ല. പാനപാത്രം, ഭരണി, ചെമ്പു എന്നിവ കഴുകുക മുതലായി പലതും പ്രമാണിക്കുന്നതു അവർക്ക് ചട്ടമായിരിക്കുന്നു. അങ്ങനെ പരീശന്മാരും ശാസ്ത്രിമാരും: നിന്റെ ശിഷ്യന്മാർ പൂർവ്വന്മാരുടെ സമ്പ്രദായം അനുസരിച്ചു നടക്കാതെ ശുദ്ധിയില്ലാത്ത കൈകൊണ്ടു ഭക്ഷണം കഴിക്കുന്നത് എന്ത് എന്നു അവനോടു ചോദിച്ചു" (മർക്കൊ. 7:2-5). "അവൻ സംസാരിക്കുമ്പോൾ തന്നേ ഒരു പരീശൻ തന്നോടുകൂടെ മുത്താഴം കഴിപ്പാൻ അവനെ ക്ഷണിച്ചു; അവനും അകത്തു കടന്നു ഭക്ഷണത്തിന്നിരുന്നു. മുത്താഴത്തിനു മുമ്പെ കുളിച്ചില്ല എന്നു കണ്ടിട്ടു പരീശൻ ആശ്ചര്യപ്പെട്ടു"

(ലൂക്കൊ. 11:37,38). ഈ ആശ്ചര്യം ലോകത്തിന് ഇല്ലാതെ പോയതാണ് കൊറോണ രോഗം വരുവാനുള്ള കാരണം.

ചൈനയിലെ "ക്ഷുദ്രജീവി" ചന്തയിൽ നിന്ന് ഉത്ഭവിച്ച വ്യാധിയായി കൊറോണയുടെ ഉത്ഭവത്തെ കാണുന്നുവല്ലോ. ഏത് ആഹാരമാണ് ശുദ്ധവും ഏത് അശുദ്ധവും എന്ന് തിരുവെഴുത്തിൽ എഴുതിയിട്ടുണ്ടല്ലോ. എന്നാൽ ഈ വിവേചനം അഭ്യസ്തവിദ്യനായ മനുഷ്യന് ഇന്നില്ല. മാത്രമല്ല, അദൃശ്യമായ വൈറസുകളെക്കുറിച്ച് ദൃശ്യമായ സൂചനകൾ ദൈവം മുന്നമേ തന്നെ കൊടുത്തു. കുഷ്ഠരോഗം മുതലായ രോഗങ്ങളും ശവസ്പർശനവും ശാരീരിക ശ്രവങ്ങളും മാത്രമല്ല അശുദ്ധമായ വസ്തുക്കളേയും വേറുതിരിച്ച് സമയക്രമത്തിൽ ശുദ്ധമാക്കിയെടുക്കാൻ ദൈവം വിധി കല്പിച്ചിരുന്നു. ഇത് ഇന്നത്തെ ക്വാറന്റനോട് തുല്യമാണ്.കർത്താവ് നാൽപതു രാപകലുകൾ ഉപവസിച്ചു പ്രാർത്ഥിച്ച നിർജനപ്രദേശത്തുള്ള മലയെ Mount of Quarantine എന്നാണ് നാമകരണം ചെയ്തിരിക്കുന്നത്. Quarantine എന്നത് നാല്പതു ദിവസങ്ങളുടെ കണക്കാണ്. ഇന്നാകട്ടെ നമ്മുടെ സൗകര്യാർത്ഥമാണ് ക്വാറന്റൈൻ നിജപ്പെടുത്തുന്നത്. കൂടിയത് 21 ദിവസവും കുറഞ്ഞത് 7 ദിവസവും. ഈ സൗകര്യം മുതലാക്കുന്നത് കൊറോണ വൈറസും. അതിനാലാണ് രണ്ടാം തരംഗം വന്നതും മൂന്നാമത്തൊന്നിന്റെ കാലൊച്ച നമുക്ക് കേൾക്കേണ്ടി വരുന്നതും.

സാനിറ്റൈസർ എന്നതും നമുക്ക് ഒരു പുതുമയാണ്. ഈ വിപത്തിന് മുൻപ് ഓപ്പറേഷൻ തിയറ്ററുമായി ബന്ധമുള്ളവർക്ക് മാത്രം പരിചിതമായ ഒന്നായിരുന്നു ഇത്. എന്നാൽ ഇന്ന് ഈ വാക്കും അതിന്റെ ഘടന പോലും എല്ലാവർക്കും സുപരിചിതമാണ്. ഒരു ജീവദായ ഉപാദിയായും അണുനാശിനിയായും ഇതിനെ കണ്ട് പലരും ഉള്ളിലെ ബാധയകറ്റുവാൻ സാനിറ്റൈസർ പാനം ചെയ്തു അപകടത്തിൽ അകപ്പെട്ടു. അമേരിക്കയിലും അറബി രാജ്യങ്ങളിലും വിഭ്രാന്തിയിൽ അനേകർ ലൈസോൾ കുടിച്ചു മൃതിയടഞ്ഞു. എന്നാൽ പാനം ചെയ്യുവാൻ കഴിയുന്ന ഒരു സാനിറ്റൈസറിനായി ലോകം ആശിച്ചിട്ടും ഇതുവരെയും കിട്ടിയിട്ടില്ല. എന്നാൽ യഥാർത്ഥ മുന്തിരിച്ചാറായ വീഞ്ഞ് ഒരു അണുനാശിനിയും പോഷക സമ്പൂർണ്ണമായ പാനീയവും ആണെന്ന് ബൈബിൾ പഠിപ്പിക്കുന്നു. നല്ല ശമര്യക്കാരന്റെ ഉപമ നോക്കുക. "ഒരു ശമര്യക്കാരനോ വഴിപോകയിൽ അവന്റെ അടുക്കൽ എത്തി അവനെ കണ്ടിട്ടു മനസ്സലിഞ്ഞു അരികെ ചെന്നു എണ്ണയും വീഞ്ഞും പകർന്നു അവന്റെ മുറിവുകളെ കെട്ടി അവനെ തന്റെ വാഹനത്തിൽ കയറ്റി വഴിയമ്പലത്തിലേക്ക് കൊണ്ടുപോയി രക്ഷ ചെയ്തു" (ലൂക്കോ. 10:33,34). വെള്ളം ചേർത്ത വീഞ്ഞ് മൂല്യശോഷണത്തെ (യെശ.1:22) കാണിക്കുമ്പോൾ വെള്ളം മാത്രം കുടിച്ചതിനാൽ ക്ഷീണിച്ച് അജീർണ്ണത ബാധിച്ച തിമൊഥെയോസിനോട് പൌലോസ് അല്പം വീഞ്ഞ് മരുന്നുപോലെ സേവിച്ചുകൊള്ളുവാൻ ഒരു ഭിഷഗ്വരന്റെ ചാരുതയോടെ ഉപദേശിക്കുന്നു (1 തിമൊ. 5:23). കർത്താവു തിരുവത്താഴത്തിലൂടെ നമുക്ക് അല്പം വീഞ്ഞാണ് നൽകുന്നത്.

രണ്ടാം തരംഗത്തിലെ കൊറോണ വൈറസ്സ് വകഭേദം വന്നതും അതിജീവനശേഷി കൂടിയതുമായി കരുതപ്പെടുന്നു. എന്നാൽ വിധിപ്രകാരമുള്ള അതായത്, അതാത് സ്ഥലത്തെ കർതൃസഭ, എല്ലാ കർതൃദിവസത്തിലും കൂടിവന്ന് കർതൃമേശ ആചരണം (ഒരു അപ്പം, ഒരു പാനപാത്രം) ചുണ്ടോടടുപ്പിച്ച് കുടിക്കും വിധം പാലിച്ചാൽ എന്താണ് നേട്ടം എന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല എങ്കിലും ശാസ്ത്രീയമായി തെളിയിക്കപ്പെട്ട അനേകം ബൈബിൾ സത്യങ്ങളിൽ വിശേഷമായ ഒരു വാർത്തയാണ് പരിച്ഛേദനയ്ക്ക് പറയുവാൻ ഉള്ളത്. ആൺകുഞ്ഞുങ്ങൾ ജനിച്ചശേഷം എട്ടാമത്തെ നാളിലാണ് പരിച്ഛേദന ഏല്ക്കേണ്ടത്. ഇത് കുഞ്ഞിനും മാതാപിതാക്കൾക്കും വേദനാജനകവും അവരുടെ വിശ്വാസത്തെ വെല്ലുവിളിക്കുന്നതും ആണ്. ഈ നാളിന്റെ പ്രത്യേകതയെക്കുറിച്ചു യെഹൂദർ അബ്രഹാമിന്റെ കാലംമുതൽ ദൈവവിശ്വാസത്തിൽ സ്വന്തം അജ്ഞതയെ നശിപ്പിച്ചുകൊണ്ട് മുന്നേറി. അവർക്ക് ആർക്കും ജീവഹാനി സംഭവിച്ചില്ല. ചോരക്കുഞ്ഞായിരിക്കുമ്പോൾ തന്നെ എട്ടാം നാളിൽ ഈ സാഹസം എന്തിനെന്ന് ശാസ്ത്രം തെളിവ് ഇപ്പോൾ നിരത്തുന്നു. അതായത് രക്തവാർച്ചയെ പ്രതിരോധിക്കുന്ന പ്രോത്രോമ്പിൻ (Prothrombin) എന്ന ഹോർമോൺ എട്ടാംദിവസമാണ് ഒരു ഹോർമോൺ എന്ന നിലയിൽ പ്രവർത്തനം ശരിയാംവണ്ണം അതിന്റെ ഗ്രന്ഥിയിൽ നിന്ന് ആരംഭിക്കുന്നത്. പ്രഥമ ഉല്പാദന ദിവസം ആകയാൽ 30 ശതമാനം അധികവും അതാ

യത് 130 ശതമാനം ഉൽപാദിപ്പിക്കപ്പെടുകയും ചെയ്യും. ഈ പ്രക്രിയ നടക്കുന്നത് എട്ടാം നാളിലാണ് എന്ന് ശാസ്ത്രം കണ്ടുപിടിച്ചിട്ടുണ്ട്; അതിനാൽ പരിച്ഛേദനാ മുറവുണങ്ങും. എന്നാൽ ദൈവമാകട്ടെ സകലത്തിനും കാരണം പറയാത്തവനാണ് (ഇയ്യോബ്. 33:13) അതിനു കാരണം നാം ദൈവത്തിൽ അകമഴിഞ്ഞ് വിശ്വസിക്കണം എന്നതിനാലാണത്. അല്ലാതെ കാരണങ്ങളിൽ വിശ്വസിക്കുവാനല്ല ദൈവം ആഗ്രഹിക്കുന്നത്. തിരുവത്താഴ ആചരണത്തോടുള്ള ബന്ധത്തിലും നാം കാരണത്തെക്കാളും കാരകനായ സകലത്തിനും ലാക്കും കാരണഭൂതനുമായവനിൽ (എബ്രാ.2:10) വിശ്വസിക്കണം.

പത്തൊൻപത് ഇരുപത് നൂറ്റാണ്ടുകളിലാണ് സൂക്ഷ്മജീവികളായ വൈറസ്സുകളെക്കുറിച്ച് വൈദ്യശാസ്ത്രം തന്നേ മനസ്സിലാക്കിയത്. മാത്രമല്ല, വൈറസ്സുകളെ വൈറസ്സുകളെക്കൊണ്ട് നേരിടുന്ന മുള്ളിനെ മുള്ളുകൊണ്ട് എടുക്കുന്ന തന്ത്രം അബദ്ധവശാലാണ് ശാസ്ത്രലോകം മനസ്സിലാക്കിയത് തന്നെ. അതായത് പോളിയോയെ നേരിടാൻ പോളിയോ വൈറസിനെ ചെറിയതോതിൽ കുഞ്ഞുങ്ങളിൽ കുത്തിവച്ച് ശരീരത്തെതന്നെ അതിനുള്ള മറുമരുന്നും പ്രതിവിധിക്കും സ്വയം സജ്ജമാക്കുന്നു. അന്ന് ശാസ്ത്രലോകത്തിന് അബദ്ധത്തിൽ നിന്ന് ഉരുത്തിരിഞ്ഞ പ്രതിവിധി തന്നെയാണ് കൊറോണ ബാധയ്ക്കും ശാസ്ത്രത്തിന് ഇന്നും ഉള്ള പ്രതിവിധി. എന്നാൽ ദൈവത്തിനാകട്ടെ ഈ അല്പം അപ്പവും വീഞ്ഞും പൊതുവിൽ തിരുവത്താഴത്തിലൂടെ നൽകുമ്പോൾ ശിക്ഷാവിധിയും സ്വജനപാലനവും നടപ്പാക്കാനാകുന്നു എന്ന് നമുക്ക് വസൂരി, കോളറ മുതലായ സമയങ്ങളിലെ അനുഭവങ്ങൾ മനസ്സിലാക്കിത്തരുന്നു.

## ദുർഘടസമയങ്ങളിൽ വിധിപ്രകാരം ആരാധിച്ച് മഹാരഥന്മാരായവർ:-

യിസ്രായേൽ മക്കൾക്ക് അടിമത്വത്തിൽ നിന്ന് മോചനം ലഭിച്ചെങ്കിലും ആ വിടുതലിന്റെ കഥാതന്തു ആരാധനയിലാണ് അധിഷ്ഠിതമായിരിക്കുന്നത്. തന്നെ ആരാധിക്കേണ്ടതിന് ജനത്തെ വിട്ടയക്കണം എന്നായിരുന്നു മോശയിലൂടെ ഫറവോനോടുള്ള ദൈവിക കല്പന. അത് എങ്ങനെയും ആരാധിക്കുക എന്നതല്ലായിരുന്നു. പിന്നെയോ വിധിപ്രകാരമുള്ള ഒന്നായിരുന്നു. അതിനുള്ള സ്ഥലം മരുഭൂമിയിലാണ് (പുറ. 5:1) അവിടുത്തോളം മൂന്നു ദിവസത്തെ വഴിദൂരം ഉണ്ട് (പുറ. 8:27) എത്തിയാൽ ദൈവത്തിന് യാഗാർപ്പണം ഉണ്ട് (പുറ. 8:27) പോകേണ്ടത് യിസ്രായേൽ ആബാലവൃദ്ധവും (പുറ. 10:9) യാഗാർപ്പണത്തിനായി ഏറ്റവും അനുയോജ്യമായതിനെ തിരഞ്ഞെടുക്കുവാൻ കന്നുകാലിക്കൂട്ടം മുഴുവനും (പുറ.10:25, 26) പോകണമായിരുന്നു. ഫറവോന്റെ നിബന്ധനയോ അധികംദൂരം പോകണ്ട എന്നും, പുരുഷന്മാർമാത്രം പോയാൽ മതി എന്നും, കന്നുകാലികൾ ഇങ്ങുനിൽക്കട്ടെ എന്നും ആയിരുന്നു. മോശെ യഥാർത്ഥ ആരാധനാ മാനദണ്ഡങ്ങൾക്ക് വേണ്ടി നിലനിന്നു. ഫറവോൻ തന്റെ വാക്കു മാറ്റി മോശെയെ ഇളിഭ്യനാക്കിക്കൊണ്ടിരിക്കയും 9-ാം ബാധയ്ക്ക് ശേഷം ഫറവോൻ മോശയെ ആട്ടിയിറക്കി വിട്ടു. "ഫറവോൻ അവനോട്: എന്റെ അടുക്കൽ നിന്ന് പോക. ഇനി എന്റെ മുഖം കാണാതിരിപ്പാൻ സൂക്ഷിച്ചുകൊൾക. എന്റെ മുഖം കാണുന്ന നാളിൽ നീ മരിക്കും എന്നു പറഞ്ഞതിന് മോശെ: നീ പറഞ്ഞതുപോലെ ആകട്ടെ; ഞാൻ ഇനി നിന്റെ മുഖം കാണുകയില്ല എന്നു പറഞ്ഞു" (പുറ. 10:28, 29) ചെങ്കടലിൽ വീണുമരിച്ച ഫറവോന്റെ മുഖം മോശെയ്ക്ക് കാണേണ്ടിവന്നതുമില്ല.

ദൈവീക വിധിപ്രകാരമുള്ള മോശെയുടെ നിലപാടിന് വലിയ ആദരവാണ് മിസ്രായിമ്യർപോലും നൽകിയത്. "യഹോവ മിസ്രായീമ്യർക്ക് ജനത്തോട് കൃപ തോന്നുമാറാക്കി. വിശേഷാൽ മോശെ എന്ന പുരുഷനെ മിസ്രായിം ദേശത്തു ഫറവോന്റെ ഭൃത്യന്മാരും പ്രജകളും മഹാശ്രേഷ്ഠനായി വിചാരിച്ചു" (പുറ.11:3).

യെഹസ്ക്യാവിന്റെ പെസഹാചാരണത്തിന് ശേഷം അശ്ശൂർ രാജാവിന്റെ ആക്രമണം ഉണ്ടായപ്പോൾ യെഹസ്ക്യാവ് ദൈവത്തിൽ ശരണപ്പെട്ടു, തത്ഫലമായ യഹോവയുടെ ഒരു ദൂതൻ 1,85000 പരാക്രമശാലികളെ ഒരുരാത്രി സംഹരിച്ചു: അശ്ശൂർ രാജാവ് സൻഹരേബ് ലജ്ജാമുഖത്തോടെ മടങ്ങിപ്പോയി തന്റെ മക്കളുടെ കൈയാൽ തന്റെ ദേവന്റെ ക്ഷേത്രത്തിൽ തന്നെ കൊല്ലപ്പെട്ടു. ദൈവത്തിൽ ആശ്രയിച്ച് ആരാധനാക്രമത്തിലാക്കി പ്രാർത്ഥനയിൽ മികച്ചവനായിരുന്ന യെഹിസ്ക്കിയാവിന് ലഭിച്ച ആദരവ് നോക്കുക. "ഇങ്ങനെ യഹോവ യെഹിസ്ക്കിയാവെയും യെരു

ശലേം നിവാസികളെയും അശ്ശൂർ രാജാവായ സൻഹേരീബിന്റെ കൈയ്യിൽ നിന്നും മറ്റെല്ലാവരുടെയും കൈയ്യിൽ നിന്നും രക്ഷിച്ചു അവർക്കു ചുറ്റിലും വിശ്രാമം നൽകി; പലരും യെരുശലേമിൽ യഹോവയ്ക്ക് കാഴ്ചകളും യെഹൂദാരാജാവായ യെഹിസ്ക്കിയാവിന് വിശേഷവസ്തുക്കളും കൊണ്ടുവന്നു; അവൻ അന്നുമുതൽ സകല ജാതികളുടെ ദൃഷ്ടിയിൽ ഉന്നതനായി തീർന്നു"(2 ദിന. 32:22-23). ദാനിയേലിന്റെ ബാല്യത്തിലെ ആഹാരത്തോടുള്ള നിലപാടുകളെ നമുക്കറിയാം, മുതിർന്നപ്പോൾ ആരാധനയോടുള്ള നിലപാടിനാൽ സിംഹക്കുഴിയിൽ അകപ്പെട്ടിട്ടും വിടുവിക്കപ്പെട്ടതും സുപരിചിതങ്ങളാണ്. ദൈവത്തോടും ദൈവിക ആരാധനയോടും താൻ എടുത്ത നിലപാടുകൾ മുഖേന വാർദ്ധക്യത്തിലും അദ്ദേഹം ഉൽക്കൃഷ്ടമാനസനും (ദാനി. 6:3) പകരംവയ്ക്കാനില്ലാത്തവിധം ആദരണീയനും ആയിരുന്നു. ചക്രവർത്തിമാർ മാറിയിട്ടും സാമ്രാജ്യങ്ങൾ മാറിയിട്ടും ദാനിയേൽ തൽസ്ഥാനത്ത് തന്നെ തുടർന്നുവന്നു.

## ഉപസംഹാരം

ഇത്തരത്തിലുള്ള ഒരു ദുർഘടസമയത്തിലൂടെ ദൗർഭാഗ്യവശാലല്ല ഭാഗ്യവശാൽ നമുക്ക് കടന്നുപോകാനിടയാകുന്നു. ഈ സമയത്ത് ദൈവത്തെ മുറുകെ പിടിച്ച് ദൈവീകാരാധന വിധിപ്രകാരം നടത്തുവാൻ നിലപാടെടുത്താലേ മഹാന്മാരായി നാം പരിഗണിക്കപ്പെടുകയുള്ളൂ. കർത്താവ് ക്ഷണനേരത്തിനുള്ളിൽ മഹത്വപ്പെട്ടതിന്റെ വിധം കൂടെ നോക്കാം: "അവൻ (യൂദാ) പോയശേഷം യേശുപറഞ്ഞത്: ഇപ്പോൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു; ദൈവവും അവനിൽ മഹത്വപ്പെട്ടിരിക്കുന്നു; ദൈവം അവനിൽ മഹത്വപ്പെട്ടിരിക്കുന്നു എങ്കിൽ ദൈവം അവനെ തന്നിൽതന്നെ മഹത്വപ്പെടുത്തും; ക്ഷണത്തിൽ അവനെ മഹത്വപ്പെടുത്തും" (യോഹ.13:31, 32). നാം ദൈവത്തെ മഹത്വപ്പെടുത്തുമ്പോൾ ദൈവവും നമ്മെയും മഹത്വപ്പെടുത്തും. ദൈവത്തെ മഹത്വപ്പെടുത്തുന്നത് ശ്രമകരമാണ് എന്നാൽ ദൈവത്തിന് നമ്മെ മഹത്വപ്പെടുത്തുന്നത് ശ്രമകരമേ അല്ല. ക്ഷണത്തിലാണ്, പക്ഷേ നാം നടത്തിയ ശ്രമത്തിന് ആനുപാതികമായിട്ടാണെന്ന് മാത്രം. ആയതിനാൽ വിശ്വാസത്താൽ ഹാബേൽ കയീന്റേതിലും ഉത്തമമായ യാഗം കഴിച്ചതുപോലെ (എബ്രാ. 11:4) നമുക്കും വിശ്വാസത്തോടെ ദൈവകല്പന അനുസരിക്കാം. അതായത്, കർത്തൃദിവസത്തിൽ, കർത്തൃസഭ കൂടിവന്ന്, കർത്തൃമേശ ആചരിച്ച്, കർത്താവിനെ ഓർത്ത് കർതൃമയമായ ആരാധന അർപ്പിക്കാം. ഓർമ്മയ്ക്കായി ചെയ്യണം എന്നതിനെ ഗ്രീക്കിൽ "Anamnesis" എന്ന വാക്കിനാലാണ് 1 കൊരിന്ത്യർ 11:24,25 ൽ എഴുതിയിരിക്കുന്നത് (ലൂക്കൊ. 22:19; എബ്രാ.10:3). Ana="വീണ്ടും" എന്നും Mnesis = "ഓർമ്മ" എന്നുമാണ്. എന്നാൽ ഇത് വെറും ഒരു പുനർഓർമ്മയല്ല അതിന്റെ യഥാർത്ഥ അർത്ഥം. പിന്നെയോ ഓർക്കേണ്ട രംഗം പുനരാവിഷ്കരിച്ചുകൊണ്ടുള്ള പുനർ ഓർമ്മയാണെന്ന് F.F. Bruce പറഞ്ഞിരിക്കുന്നത്: "In the Bliblical sense "remembrance" is more than a mental exercise: it involves a realisation of what is remembered." This is seen in the way we remember; it is not by recalling or thinking, but by re-inacting and doing. Remembrance in this way involves representation, such that as we participate the past becomes effective in our present. പഠിതാക്കളുടെ ഇടയിൽ ഓർമ്മയെ ഉദ്ദീപിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളെ "Mnemomic device" എന്ന് പറയാറുണ്ട്. അതിനാൽ ആരാധനയിലെ ഓർമ്മതന്നെ എത്രയോ ഗഹനമാണ്. അതിന്റെ വെളിച്ചത്തിൽ അനുഷ്ഠിക്കയും വേണം. ഇതിനുമുമ്പിൽ "Praise and Worship" ആരാധനയൊക്കെ എത്രയോ ശിഥിലം എന്നു മാത്രമല്ല അത് ആരാധനയല്ല അവ അവഹേളനവുമാണ്. ഇതിന് കഴിയാത്തതിന്റെ കാരണം ചുവടെ ചേർക്കട്ടെ: "ശുദ്ധിയുള്ളവർക്ക് എല്ലാം ശുദ്ധം തന്നെ; എന്നാൽ മലിനന്മാർക്കും അവിശ്വാസികൾക്കും ഒന്നും ശുദ്ധമല്ല; അവരുടെ ചിത്തവും മനസ്സാക്ഷിയും മലിനമായിത്തീർന്നിരിക്കുന്നു. അവർ ദൈവത്തെ അറിയുന്നു എന്ന് പറയുന്നു എങ്കിലും പ്രവർത്തികളാൽ അവനെ നിഷേധിക്കുന്നു. അവർ അറക്കത്തക്കവരും അനുസരണം കെട്ടവരും യാതൊരു നല്ലകാര്യത്തിനും കൊള്ളരുതാത്തവരുമാകുന്നു"(തീത്തോ. 1:15, 16). വേർപാടുകാരുടെ ആരാധന നിന്നുപോയെങ്കിൽ അതിന്റെ യഥാർത്ഥ കാരണം ഇതാണ്. കൊറോണ ഒരു മുടന്തൻ ന്യായം മാത്രമാണ്. അതിനാൽ എത്രയും പെട്ടെന്ന് ശുദ്ധരായി വിധിയിൻപ്രകാരം ആരാധിച്ച് മഹാപ്രതിഫലമുള്ള ധൈര്യം വീണ്ടെടുക്കാം (എബ്രാ. 10:35) ❖

# യിസ്റാഏൽ വാർത്തകൾ

Mr. പ്രേംദാസ് സ്വാമിദാസ് യഹൂദി

## ഹാർഗെറിസീം മുകൾപരപ്പിൽ മഞ്ഞു വീഴ്ച

മെദീനാത് യിസ്റാഏൽ എന്ന യഹൂദ രാഷ്ട്രത്തിന്റെ വടക്കൻ ഷൊംറോൻ പ്രവിശ്യയിൽ ഷേഹേം പട്ടണത്തിലെ ഹാർഗെറിസീം ആണ് യാഥാസ്ഥിതിക ഹയിസ്റഏലീം ഹഷമേറീം ജനതയുടെ വിശുദ്ധ സ്ഥലം. യോദ്ഹേവാവ്ഹേ (യഹോവ) ഏലോഹീം (ശാശ്വത സർവ്വശക്തി, പ്രപഞ്ച സ്രഷ്ടാവ്, യിസ്റാഏലിന്റെ ദൈവം) തന്റെ വിശുദ്ധനാമം സ്ഥാപിക്കാൻ തിരഞ്ഞെടുത്തത് ഹാർഗെറിസീം ആണെന്നവർ ശഠിക്കുന്നു. ബെയ്ത് ഏൽ (ദൈവത്തിന്റെ ഭവനം) എന്ന ഇവ്റീത് പദങ്ങൾ കൂടെ ചേർത്ത് അവർ അതിനെ ഹാർഗെറിസീം ബെയ്ത് ഏൽ എന്നു വിളിക്കുന്നു. ഹാർഗെറിസീം എന്ന ഗിരിനാമം ഷമേറി തോറാ ചുരുളിൽ ഒറ്റവാക്കായിട്ടാണ് എഴുതിയിട്ടുള്ളത്. എല്ലാ വർഷവും നീസാൻ 14 ന് രാത്രി ഹയിസ്റഏലീം ഹഷമേറീം ഈ മലമുകളിൽക്കൊർബാൻ പേസാഹ് (കടന്നുപോക്കിന്റെ യാഗം) അർപ്പിക്കുന്നു. ഓരോ ഷമേറി കുടുംബത്തിനും വേണ്ടി ഓരോ ഊനമില്ലാത്ത കുഞ്ഞാടിനെ യിസ്റാഏൽ രാഷ്ട്രത്തിലെ ഹാർഗെറിസീം മലഞ്ചരിവിലെ ക്കിർയാത് ലൂസ, തെൽ അവീവ് (വസന്തത്തിന്റെ കുന്ന്) യഹൂദ പട്ടണത്തിനടുത്തുള്ള ഹോലോൻ നഗരത്തിലെ നെവേ മർക്കേ എന്നീ അധിവാസകേന്ദ്രങ്ങളിൽ പാർക്കുന്ന ഹയിസ്റഏലീം ഹഷമേറീം ജനസംഖ്യ 853 ആണ്.

ഹാർഗെറിസീം ബെയ്ത് ഏൽ മുകൾപരപ്പിലും മലഞ്ചരിവിലും മഞ്ഞുവീഴ്ച ഉണ്ടായതായി പൊതുയുഗം 01-03-2021 ൽ പ്രസിദ്ധീകരിക്കപ്പെട്ട അലേഫ്-ബെയ്ത് ഹദാഷോത് ഹഷൊംറോനീം (1332 - 1333) അറിയിച്ചു. ഷേലേഗ് = മഞ്ഞ്. അമീത് മർഹീവ്, ലെഓർ കൊഹേൻ നാല് ചിത്രങ്ങളും 6-ം 7-ം പുറങ്ങളിൽ അച്ചടിച്ചു വന്നു. ഹയിസ്റഏലീം ഹഷമേറീം ജനതയുടെ ഒരേയൊരു മുഖപത്രമാണ് ഹൊലോൻ പട്ടണത്തിൽ നിന്നും പ്രസിദ്ധീകരിക്കുന്ന അലേഫ് - ബെയ്ത് ഹദാഷോത് ഹഷൊംറോനീം. ഇതിന്റെ ഉള്ളടക്കം ഇവ്റീത് ഹഹദാഷ (ആധുനിക ഇവ്റീത്), ഇവ്റീത് ഹയെഷാന (പൗരാണിക ഇവ്റീത് - വിശുദ്ധ തോറാ എഴുതപ്പെട്ട ലിപി), അറബി, ഇംഗ്ലീഷ് എന്നീ ഭാഷകളിലാണ്.

മഞ്ഞ് യിസ്റാഏൽ പാരമ്പര്യത്തിലും സംസ്ക്കാരത്തിലും ചരിത്രത്തിലും അനുഗ്രഹത്തിന്റെയും വിജയത്തിന്റെയും പ്രതീകമാണ്. വെള്ള നിറത്തിൽ മഞ്ഞ് പുതച്ചു കിടക്കുന്ന ഹാർഗെറിസീം ബെയ്ത് ഏൽ യിസ്റാഏൽ രാഷ്ട്രത്തിനും യിസ്റാഏൽ ജനതയ്ക്കും വരാനുള്ള നന്മയെ സൂചിപ്പിക്കുന്നു എന്ന് വിശദീകരിക്കപ്പെട്ടു.

## പൊതുയുഗം 23-03-2021-ൽ നടന്ന മെദീനാത് യിസ്റാഏൽ ദേശീയ തിരഞ്ഞെടുപ്പിൽ ആർക്കും ഭൂരിപക്ഷമില്ല

രണ്ട് വർഷത്തിനിടയിൽ നാലാംതവണ യിസ്റാഏൽ രാഷ്ട്രത്തിൽ ദേശീയ പാർലമെന്റിലേക്കുള്ള തിരഞ്ഞെടുപ്പ് നടന്നു. നാലാം തവണയും ഒരു രാഷ്ട്രീയ കക്ഷിക്കും രണ്ട് സഖ്യങ്ങൾക്കും ഭൂരിപക്ഷം നേടാനായില്ല. വീണ്ടുമൊരു ബ്ഹെറോത് (തിരഞ്ഞെടുപ്പ്) ഒഴിവാക്കുന്നതിനുവേണ്ടി അസാധാരണമായ സഖ്യത്തിലേർപ്പെട്ട് മന്ത്രിസഭ രൂപീകരിക്കുന്നതിന് ശ്രമിക്കാൻ അധികാരത്തിലിരിക്കുന്ന പ്രധാനമന്ത്രി ബിൻയമീൻ നെതാന്യാഹുവിനെ ഹനാസി-

നെസീ ഹമെദീന (പ്രസിഡണ്ട്) റെഉബേൻ റിവ്‌ലിൻ ചുമതലപ്പെടുത്തി.

120 - അംഗ ഹകെനേസേത് ആണ് യിസ്റാഏൽ രാഷ്ട്രത്തിന്റെ ദേശീയ പാർലമെന്റ് അഥവാ നിയമ നിർമ്മാണ സഭ. ജനപ്രതിനിധികളുടെ ഒരേയൊരു സഭയാണത്. ആനുപാതിക പ്രാതിനിധ്യം (Proportional Representation) ആണ് യിസ്റാഏൽ രാഷ്ട്രത്തിന്റെ തിരഞ്ഞെടുപ്പ് രീതി. ഓരോ രാഷ്ട്രീയ പാർട്ടിയും തങ്ങളുടെ സ്ഥാനാർത്ഥികളുടെ പട്ടിക സമർപ്പിക്കുന്നു. പ്രായപൂർത്തി വോട്ടവകാശമാണ് യിസ്റാഏൽ പൗരന്മാർക്കുള്ളത്. മെദീനാത് യിസ്റാഏൽ ജനസംഖ്യ 94 ലക്ഷമാണ്. ഇതിൽ ഭൂരിഭാഗവും യിസ്റാഏൽ വംശജർ, ഇരുപത് ശതമാനം സഹോദരജനതയായ അറബികൾ. ഓരോ രാഷ്ട്രീയ കക്ഷിക്കും കിട്ടുന്ന സമ്മതി എണ്ണിതിട്ടപ്പെടുത്തി ആനുപാതികമായി ഓരോ പാർട്ടിക്കും 120 അംഗ ഹകെനേസേതിൽ ഇത്ര അംഗങ്ങൾ എന്ന് കണക്കാക്കുന്നു. ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ 30 ഹകെനേസേത് അംഗങ്ങൾ ലഭ്യമായ ബിന്യമീൻ നെതാന്യാഹു നയിക്കുന്ന ലിക്കുദ് (ഗണം) ആണ് യിസ്റാഏലിലെ ഏറ്റവും വലിയ രാഷ്ട്രീയ പാർട്ടി. വലതുപക്ഷ റ്റ്സിയ്യോനി പാർട്ടിയാണത്.

പ്രധാന പ്രതിപക്ഷ കക്ഷിയായ യേഷ് അതീദ് (ഭാവി ഉണ്ട്) 17 ഹകെസേത് അംഗങ്ങൾ നേടി. മൻസൂർ അബ്ബാസ് നയിക്കുന്ന റെഷീമ അറാബീം മെയുഹേദേത് (ഐക്യ അറബ് പട്ടിക) ഏഴ് ഹകെനേസേത് അംഗങ്ങൾ നേടി രാഷ്ട്രീയ ചാലക ശക്തിയായി. നഫ്താലി ബെന്നറ്റ് നയിക്കുന്ന യെമീന (ഇടത്തേക്ക്), യിസ്റാഏൽ ബെയ്തെയ്നു (യിസ്റാഏൽ നമ്മുടെ ഭവനം), ഹമഅറാഹ് (വലതുപക്ഷ തൊഴിലാളി പാർട്ടി), കഹോൽ ലവാൻ (നീല - വെള്ള), മേറേറ്റ്സ് (ഊർജം) എന്നിവയാണ് മറ്റ് പാർട്ടികൾ.

ആറ് ആഴ്ചകൾക്കകം ബീന്യാമീൻ നെതാന്യാഹു സഖ്യകക്ഷികളെ ചേർത്ത് 61 അംഗ കേവല ഭൂരിപക്ഷം നേടി മന്ത്രിസഭ രൂപീകരിക്കണം. അതിനു സാധിക്കാതെ വന്നാൽ നെസീ ഹമെദീന മറ്റൊരു പാർട്ടിയെ ചുമതല ഏല്പിക്കും. ശ്രമം വിജയിച്ചില്ലെങ്കിൽ വീണ്ടും ബ്ഷെഹീറോത് അനിവാര്യമാകും.

## യറൂഷാലായിം പട്ടണത്തിൽ ചെക്ക് സ്ഥാനപതി കാര്യാലയം

യൂറോപ്യൻ ക്രൈസ്തവ രാഷ്ട്രമായ ചെക്ക് റിപബ്ലിക് മെദീനാത് യിസ്റാഏൽ തലസ്ഥാന നഗരിയായ യറൂഷാലായിം പട്ടണത്തിൽ തെൽ അവീവ് (വസന്തത്തിന്റെ കുന്ന്) ലെ ചെക്ക് സ്ഥാനപതി കാര്യാലയത്തിന്റെ അനുബന്ധ ശാഖ തുറന്നു. മുൻ അമേരിക്കൻ പ്രസിഡണ്ട് ഡൊനാൾഡ് ട്രംപ് അമേരിക്കൻ സ്ഥാനപതി കാര്യാലയം - ഷാഗ് റീറുത് ആർറ്റ്സോത് ഹബ്റീത് - മാറ്റിയതിനെ തുടർന്നാണ് ചെക്ക് റിപബ്ലിക് ഈ തീരുമാനം കൈക്കൊണ്ടത്. സാഹിത്യ വിസ്മയമായ യഹൂദ സാഹിത്യകാരൻ ഫ്രൻസ് ക്കഫ്ക്ക ചെക്ക് നഗരമായ പ്രാഗ് സ്വദേശിയായിരുന്നു.

## സുറിയ ആഭ്യന്തരയുദ്ധം പത്ത് വർഷം പിന്നിട്ടു

അറബ് വസന്തം എന്നറിയപ്പെടുന്ന പ്രക്ഷോഭണ പരമ്പരയുടെ ഭാഗമായി പൊതുയുഗം 2011 മാർച്ച് 15 ന് സുറിയൻ പ്രസിഡണ്ട് ബഷാർ അൽ അസാദ് ഭരണകൂടത്തിനെതിരെ അന്നാട്ടിലെ അറബ് ജനത ആരംഭിച്ച ചെറുത്തു നില്പ് രൂക്ഷമായി തുടരുന്നു. ഈ ആഭ്യന്തരയുദ്ധം യിസ്റാഏൽ രാഷ്ട്രത്തിന്റെ കിഴക്കൻ അറബ് രാജ്യമാ സുറിയയെ ദുർബലപ്പെടുത്തി.

രണ്ട് വർഷത്തിനിടെ സുറിയയിലേക്ക് ആയുധം കൊണ്ടുവന്ന പന്ത്രണ്ട് ഇറേനിയൻ കപ്പലുകളെ യിസ്റാഏൽ സൈന്യം ആക്രമിച്ച് തിരിച്ചയച്ചു. അമേരിക്കയും റഷ്യയും ഇസ്ലാമിക് സ്റ്റേറ്റ് പോരാളികളും സുറിയയിൽ സ്വാധീനം ചെലുത്തുന്നുണ്ട്. സുറിയയിലെ ജന

## Statement about ownership and other particulars about the Magazine
# PRAVACHANA PRADEEPIKA

| | | |
|---|---|---|
| 1. | Place of Publication | Trivandrum |
| 2. | Periodicity of its Publication | Monthly |
| | Printer's Name | Y. Sam Raj |
| | Nationality | Indian |
| | Address | Pravachana Pradeepika Press<br>Arama P.O., Trivandrum - 695032 |
| 3. | Publisher's Name | Y. Sam Raj |
| | Nationality | Indian |
| | Address | Pravachana Pradeepika Press<br>Arama P.O., Trivandrum - 695032 |
| 4. | Editor's Name | O.M. Samuel |
| | Nationality | Indian |
| | Address | Joy Villa, Mudavoor PO<br>Muvattupuzha - 686 696 |
| 5. | Name & Address of Individuals who own the news paper | Mrs. Esther J., P.P. Press<br>Aramada P.O., Trivandrum - 695032 |

I, Y. Sam Raj, hereby declare that particulars given above are true to the best of my knowledge and belief.

Y. Sam Raj (Sd)
Signature of Printer and Publisher

സംഖ്യയിൽ ഭൂരിഭാഗവും അറബ് സുന്നികളാണ്. ഭരണാധികാരി ബഷാർ അൽ അസാദ് ഷിയാ ഉപവിഭാഗമായ അലാവി ആണ്. സുറിയയിലെ ഇറാൻ സ്വാധീനം യിസ്റാഏൽ രാഷ്ട്രത്തിന് ഭീഷണിയാണ്.

### യിസ്റാഏൽ രാഷ്ട്ര രൂപീകരണത്തിന്റെ 73-ാം വാർഷികം ആചരിക്കപ്പെട്ടു

യഹൂദ വർഷം 5708 ഇയാർ മാസം 5 ആണ് യോം ഹഅറ്റ് സ്മാഉത് അഥവാ യിസ്റാഏൽ രാഷ്ട്ര രൂപീകരണദിനം. അത് പൊതുയുഗം 1948 മെയ്മാസം 14 ആയിരുന്നു. യഹൂദ വർഷം 5708 ഇയാർ 5 ഈ വർഷം (2021) ഏപ്രിൽ 15 ആണ്.

ആഗോള യഹൂദ ജനസംഖ്യ പതിനഞ്ച് ദശലക്ഷത്തിലധികമാണ്. ലോകമെമ്പാടുമുള്ള യഹൂദ അധിവാസകേന്ദ്രങ്ങളിൽ യോം ഹഅറ്റ്സ്മാഉത് 73-ാം വാർഷികം ഇവ്റീത് പ്രാർത്ഥനാ മന്ത്രങ്ങളോടുകൂടെ ആചരിക്കപ്പെട്ടു. ❖